
# താമരമൊട്ടുകൾ

താമരശ്ശേരി രൂപതാ ബുളളറ്റിൻ



വാല്യം 28 മാർച്ച് 2026 ലക്കം 3 Price: 20

# BISHOP'S PROGRAMME

## March 2026

| | | |
|---|---|---|
| 01 | | Chembanoda |
| 02 | 06.30 | Marikkunnu |
| | 11.00 | Thamarassery |
| 07 | 10.00 | Thamarassery |
| | 11.00 | Pullurampara |
| | 17.00 | Koomully |
| 08 | | Malappuram |
| 13 | 06.30 | PMOC |
| | 18.00 | Devagiri |
| 14 | | Thalassery |
| 15 | | P.T. Chacko Nagar |
| 17 | 06.30 | Kulathuvayal |
| 18 | 06.30 | Pullanjimedu |
| | 10.30 | Thamarassery |
| 19 | 10.30 | Vettilappara |
| | 18.30 | Kozhikode |
| 21 | 07.30 | Puthuppadi |
| | 10.30 | Thiruvambady |
| | 17.00 | Koorachundu |
| 22 | 10.00 | Mankavu |
| | 14.30 | START |
| | 16.30 | Amalapuri |
| | 19.00 | Nooramthode |
| 25 | 16.30 | Kannoth |
| 26-27 | | Kulathuvayal Pilgrimage |
| 28 | | Thodupuzha |
| 29 | 06.30 | Thamarassery |
| 30 | 10.00 | Thamarassery |

March 2026

Volume: 28 - Issue 03


**Chief Editor**

**Chancellor**

**Diocese of Thamarassery**

Thamarassery, Kozhikode - 673 573

Tel: 0495 - 2223376, 2963370

email: diocesetmy09@gmail.com

www.thamarassserydiocese.com


## ഉള്ളടക്കം


| | | |
|---|---|---|
| 1. | ആശംസകൾ | 82 |
| 2. | പ്രോഗ്രാം | 84 |
| 3. | സർക്കുലർ | 85 |
| 4. | സർക്കുലർ | 88 |
| 5. | സർക്കുലർ | 92 |
| 6. | ഇടയലേഖനം | 99 |
| 7. | സർക്കുലർ | 105 |
| 8. | കച്ചേരിക്കാര്യം | 109 |
| 9. | സ്നേഹസ്മരണയ്ക്ക് | 112 |
| 10. | ഡിക്രി | 113 |
| 11. | വിവാഹം: നടപടിക്രമങ്ങൾ | 117 |
| 12. | ആദരാഞ്ജലികൾ | 120 |
| 13. | വിശ്വാസപരിശീലനം | 121 |
| 14. | കരുണാഭവൻ | 123 |
| 15. | സെമിനാരി വാർത്തകൾ | 124 |
| 16. | വൊക്കേഷൻ ബ്യൂറോ | 126 |
| 17. | ചെറുപുഷ്പ മിഷൻലീഗ് | 127 |
| 18. | യൂദിത്ത് ഫോറം | 129 |
| 19. | ബൈബിൾ അപ്പോസ്തോലേറ്റ് | 130 |
| 20. | കെസിവൈഎം-എസ്എംവൈഎം | 131 |
| 21. | കത്തോലിക്ക കോൺഗ്രസ് | 134 |
| 22. | പ്രവാസി അപ്പോസ്തോലേറ്റ് | 135 |
| 23. | ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 136 |
| 24. | എയ്ഡർ എഡ്യൂകെയർ | 137 |
| 25. | സ്റ്റാർട്ട് | 138 |
| 26. | കരിസ്മാറ്റിക് മൂവ്മെന്റ് | 141 |
| 27. | ബഥാനിയ ധ്യാനകേന്ദ്രം | 145 |
| 28. | വികസനവേദി | 148 |
| 29. | യേശുനിധി | 155 |
| 30. | അജപാലനകുറിപ്പുകൾ | 156 |






# Birthday Greetings

**Rev. Fathers**

| | | |
|---|---|---|
| Karottuzhunnalil Jose | **March** | 1 |
| Panachickal Alex | | 3 |
| Panachipuram Mathew | | 3 |
| Thekkumcherikunnel Mathew | | 3 |
| Oliakattil Joseph | | 4 |
| Malampel Joseph | | 5 |
| Purayidathil George | | 5 |
| Thoomkuzhy Dominic | | 6 |
| Nandalath Johnson | | 6 |
| Kunnath Joseph | | 7 |
| Munjanattu Mathew | | 10 |
| Narivelil George | | 10 |
| Thuruthiyil Joseph | | 10 |
| Kothanickal Chacko | | 11 |
| Cheeramattathil Sebastian | | 12 |
| Puthettupadavil Joseph | | 12 |
| Purayidathil Antony | | 13 |
| Njezhukumkattil Mathew | | 14 |
| Cheruvelil Mathew | | 15 |
| Chempukandathil Sebastian | | 16 |
| Mannoor Joseph | | 19 |
| Elamthuruthil Joseph | | 21 |
| Pattaniyil Augustine | | 27 |
| Vadakkedom Jose | | 29 |
| Kalathoor Varghese | | 29 |
| Chemplani Kuriakose | | 31 |

**Mar Remigiose Inchananiyil**




# Feast Day Greetings

**Rev. Fathers**

## March 19

Alappattukottayil Joseph
Antheenadu Joseph
Aranjaniolickal Joseph (Sr.)
Aranjaniolickal Joseph (Jr.)
Chirakandathil Jose
Chundayil Joseph
Chirathalackal Joseph
Elamthuruthil Joseph
Ezhanikatt Joseph
Edakkattil Joseph
Kalappurackal Joseph
Kalarickal Joseph
Kalathil Joseph
Karottuzhunnalil Jose
Keelath Joseph
Koonanickal Joseph
Kottarathil Joseph
Kunnath Joseph
Kuzhikattumyalil Joseph
Malampel Joseph
Maliyeckal Joseph
Manjakazhakunnel Joseph
Mannancheril Joseph
Mannoor Joseph
Mukaleparambil Joseph
Njavallil Jose
Oliakattil Joseph
Palakattu Joseph
Panthaladickal Joseph
Panthaplackal Joseph
Palliyodil Joseph Christie
Pamplaniyil Joseph
Pennaparambil Jose
Poothakuzhy Joseph
Pothanamuzhiyil Joseph
Puthettupadvil Joseph
Puthanpurakkal Joseph
Pulichamakkal Joseph
Purathoottu Joseph
Thandaparmbil Joseph
Thekkumkattil Joseph
Thuruthiyil Joseph
Vadakkedom Jose
Vadakkel Joseph
Vetukallel Joseph
Vilangupara Joseph

**Mar Remigiose Inchananiyil**



# പ്രോഗ്രാം

**മാർച്ച് 2026**

| | | |
|---|---|---|
| 06 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 07 | ശനി | വിശ്വാസോത്സവ അധ്യാപക പഠനശിബിരം |
| 11 | ബുധൻ | പാതിനോമ്പ് |
| 12 | വ്യാഴം | പ്രീകാനാ കോഴ്സ് (12 -14) |
| 13 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| | | ജീവിത വിശുദ്ധീകരണ ധ്യാനം (13-16) |
| 14 | ശനി | FST |
| 15 | വ്യാഴം | **വി. യൗസേപ്പ്** |
| 20 | വെള്ളി | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 24 | ചൊവ്വ | **ചരമദിനം: ഫാ. ജോർജ് പരുത്തപ്പാറ (2011)** |
| 25 | ബുധൻ | **മംഗളവാർത്ത തിരുനാൾ** |
| | | **ചരമദിനം: ഫാ. ജോൺ പനയ്ക്കപ്പിള്ളി (2020)** |
| 26 | വ്യാഴം | സെമിനാരി: മൈനർ ഓർഡേഴ്സ് |
| 27 | വെള്ളി | 40-ാം വെള്ളി: 9-ാമത് കുളത്തുവയൽ തീർഥാടനം |
| | | ബഥാനിയ: ഏകദിന കൺവെൻഷൻ |
| 29 | ഞായർ | **ഓശാന ഞായർ** |
| | | **ചരമദിനം: ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ (2018)** |
| | | ബഥാനിയ: ജീവിത വിശുദ്ധീകരണധ്യാനം (29-1 ഏപ്രിൽ) |
| 30 | തിങ്കൾ | **അഭിഷേകതൈല വെഞ്ചരിപ്പ്** |
| | | വൈദികരുടെ പൊതുമാസ ധ്യാനം |

# കുളത്തുവയൽ തീർഥാടനം

സർക്കുലർ 01/2026

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

നമ്മുടെ കർത്താവിന്റെ പീഡാനുഭവ സ്മരണകളിൽ ഹൃദ്യമായ വിചിന്തനത്തിന് വിധേയമാകുന്നതാണ് അവിടുത്തെ കാൽവരിയാത്ര. അറമായിക് ഭാഷയിൽ ഗോഗുൽത്ത എന്ന് വിളിക്കപ്പെടുന്ന ജറുസലേം നഗരത്തിന് പുറത്തുള്ള കാൽവരിമല, അതിന്റെ ഭൂപ്രകൃതിയുടെ സവിശേഷതയനുസരിച്ചും നിരവധി കുറ്റവാളികളെ കുരിശിൽതറച്ച് ശിക്ഷിച്ചിരുന്ന സ്ഥലമായിരുന്നതിനാലും തലയോടിടം എന്ന് അറിയപ്പെട്ടിരുന്നു. കുരിശുവഹിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ കാൽവരി യാത്രയെ നൂറ്റാണ്ടുകൾക്ക് മുൻപേ പ്രവാചകനായ ഏശയ്യാ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്: "നമ്മുടെ വേദനകളാണ് അവൻ യഥാർഥത്തിൽ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്... നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്ക് രക്ഷ നല്കി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു" (ഏശ 53, 4-6). കാൽവരിയിലേക്കുള്ള ക്രിസ്തുവിന്റെ പ്രയാണം രക്ഷയുടെ വഴികൾ നമുക്കായി തുറക്കുന്നതായിരുന്നു. പീഡാനുഭവയാത്രയിൽ കുരിശിന് അഭിമുഖമായി നിന്നിരുന്ന ശതാധിപൻ, ഈ മനുഷ്യൻ സത്യമായും ദൈവപുത്രനായിരുന്നു എന്ന് വിളിച്ചുപറഞ്ഞുകൊണ്ട് കുരിശിലൂടെ കൈവന്ന രക്ഷയുടെ വഴികളെ സാക്ഷ്യപ്പെടുത്തുന്നു (മർക്കോ 15,39).

ഈശോയുടെ പീഡാസഹനത്തിന്റെ അനുസ്മരണങ്ങളിൽ പ്രധാനപ്പെട്ടതാണല്ലോ, കാൽവരിയിലേക്കുള്ള യാത്രയെ അനുസ്മരിച്ചുകൊണ്ട് നോമ്പുകാലത്ത് നാം നടത്തുന്ന സ്ലീവാപാത. ക്രിസ്തുവിന്റെ കാൽവരി പ്രവേശനത്തെയും പീഡാസഹന

ത്തെയും, സ്നേഹത്തിന്റെയും സഹനത്തിന്റെയും സമ്പന്നതയിലേക്കുള്ള കടുന്നുപോകലായി വേദപാരംഗതനായ വി. അൽഫോൻസ് ലിഗോരി വ്യാഖ്യാനിക്കുന്നു. അനുദിനസഹനങ്ങളിൽ സാന്ത്വനമാകുന്ന ക്രിസ്തുസാന്നിധ്യവും കൃപയുടെ സമ്പന്നതയും ആസ്വാദ്യകരമാകാൻ കുരിശിന്റെ വഴിയുടെ പ്രാർഥനകളിൽ പങ്കുകാരാകുന്നതിലൂടെ നമുക്ക് സാധിക്കട്ടെ.

രൂപതയുടെ ആഭിമുഖ്യത്തിൽ വലിയ നോമ്പിലെ നാല്പതാം വെള്ളിയാഴ്ച നടത്തുന്ന 9-ാമത് കുളത്തുവയൽ തീർഥാടനം കുരിശിലെ കൃപയുടെ സമ്പന്നത അനുഭവിക്കാനുള്ള പരിശ്രമമാണ്. മാർച്ച് 26-ാം തീയതി രാത്രി 10 മണിക്ക് താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ നിന്ന് നാല്പതാംവെള്ളി തീർഥാടനം ആരംഭിച്ച്, മാർച്ച് 27-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.30 മണിക്ക് കുളത്തുവയലിൽ എത്തിച്ചേരുന്നവിധത്തിലാണ് ഈ യാത്ര ക്രമീകരിച്ചിരിക്കുന്നത്. 36 കിലോമീറ്റർ കുരിശിന്റെ വഴിയും ജപമാലയും കരുണക്കൊന്തയും തുടർച്ചയായി ചൊല്ലിക്കൊണ്ട് നടത്തുന്ന പ്രസ്തുത തീർഥാടനം വലിയൊരു അനുഭവമാണ്. കഴിഞ്ഞ വർഷങ്ങളിൽ വിശ്വാസികളുടെ പങ്കാളിത്തം കൊണ്ടും, പങ്കെടുത്തവർക്കു ലഭിച്ച അനുഗ്രഹങ്ങൾ കൊണ്ടും വലിയ ഒരു ആത്മീയ അനുഭവമായിരുന്നു ഈ തീർഥയാത്ര. അതിന് വ്യക്തിപരമായി സാക്ഷ്യംനൽകാൻ എനിക്ക് സാധിച്ചതിന് ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകളുടെ മുൻപിൽ ഞാൻ കൃതജ്ഞതയർപ്പിക്കുന്നു. സാധിക്കുന്ന എല്ലാവരും നാല്പതാം വെള്ളി തീർഥയാത്രയിൽ പങ്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു. ഇടവകകളും സംഘടനകളും ഇക്കാര്യത്തിൽ താൽപര്യമെടുക്കുമല്ലോ. മുഴുവൻ ദൂരവും നടക്കാൻ സാധിക്കാത്തവർ തീർഥാടനത്തിന്റെ പാതയിൽ ഏതെങ്കിലും ഭാഗത്ത് പങ്കുചേർന്ന് പ്രാർഥിക്കുന്നത് വലിയ അനുഗ്രഹത്തിന് കാരണമാകും.

വിഭൂതി ദിനത്തിലെ സന്ദേശത്തിൽ പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ സ്ലീവാപാതയിലെ ഓരോ സ്ഥലത്തും രക്തസാക്ഷികളെയും വിശ്വാസത്തിനുവേണ്ടി പീഡനം ഏൽക്കുന്നവരെയും പ്രാർഥനാപൂർവം അനുസ്മരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. റൂബി ജൂബിലി നിറവിലായിരിക്കുന്ന നമ്മുടെ രൂപതയേയും

രൂപതയിലെ എല്ലാ കുടുംബങ്ങളെയും സമർപ്പിക്കുന്നതോടൊപ്പം വിശ്വാസത്തിനും നീതിക്കുംവേണ്ടി പീഡനം എൽക്കുന്നവരെ കർത്താവിന്റെ കുരിശിൽ നമുക്ക് സമർപ്പിക്കാം. “ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ'' (മത്താ 16,24) എന്ന കർത്താവിന്റെ കല്പനയനുസരിച്ച് നമ്മുടെ ക്ലേശങ്ങളും അനുദിന ജീവിതബലികളും നാല്പതാംവെള്ളി തീർഥാടനത്തിൽ കർത്താവിന്റെ കുരിശിനോട് ചേർത്തുവയ്ക്കാം. രൂപത മുഴുവനും നാല്പതാംവെള്ളിയാഴ്ചത്തെ തീർഥാടനത്തിൽ മാനസികമായി പങ്കുചേർന്ന് പ്രാർഥിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

പരിശുദ്ധ കന്യകാമറിയവും വിശുദ്ധ യൗസേപ്പും രൂപതാ മധ്യസ്ഥയായ വിശുദ്ധ അൽഫോൻസയും നാല്പതാംവെള്ളിയാഴ്ച-കുളത്തുവയൽ തീർഥാടനം ദൈവാനുഗ്രഹപ്രദമാകാൻ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2026 മാർച്ച് 8 ഞായറാഴ്ച ദിവ്യബലിമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

# യേശുനിധി

സർക്കുലർ 02/2026

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

ക്രൂശിതനായ കർത്താവിനെ അനുഗമിക്കാൻ പരിശ്രമിക്കുന്ന ത്യാഗനിർഭരമായ നോമ്പ് അതിന്റെ പരിസമാപ്തിയിലേക്ക് പ്രവേശിക്കുകയാണല്ലോ. ഉപവാസം, പ്രാർഥന, ദാനധർമ്മം എന്നീ പുണ്യപ്രവർത്തികളിലൂടെ ജീവിതത്തെയും ഹൃദയത്തെയും വിശുദ്ധീകരിക്കാനുള്ള പ്രയത്നങ്ങളിൽ ദൈവകൃപയാൽ നാം പങ്കുചേർന്നു. കർത്താവിന്റെ തിരുമുഖം തുടച്ച വെറോനിക്കയെ പ്പോലെ നമ്മുടെ പരിത്യാഗവും പ്രാർഥനയും കർത്താവിന്റെ പീഡാനുഭവ യാത്രയിൽ ആത്മീയമായി പങ്കുചേരാൻ നമ്മെ സഹായിക്കട്ടെ.

'ഞാൻ നിന്നെ സ്നേഹിച്ചു' എന്ന പ്രഥമ തിരുവെഴുത്തിലൂടെ പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ മാർപാപ്പ സഹായം അർഹിക്കുന്നവരോട് കരുണകാണിക്കുന്നത് ദൈവാരാധനയുടെ ആധികാരിക അടയാളമായി പഠിപ്പിക്കുന്നു. ഉപവിയുടെ പ്രവർത്തന ങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി ദൈവത്തിനു മഹത്വം നല്കുക മാത്രമല്ല, ദുർബലരോട് എപ്പോഴും കരുണകാണിക്കുന്ന ക്രിസ്തുവിന് സദൃശ്യനായി മാറുന്നു (*ഞാൻ നിന്നെ സ്നേഹിച്ചു*, 27). രണ്ടാം ക്രിസ്തു എന്ന് വിളിക്കപ്പെട്ട അസ്സീസിയിലെ വിശുദ്ധ ഫ്രാൻസി സിന്റെ വർഷമായി 2026 തിരുസഭ ആചരിക്കുകയാണ്. വിശുദ്ധന്റെ ജീവിതം ദരിദ്രരുടെ പക്ഷം ചേർന്നുള്ളതായിരുന്നു. സമ്പന്നനാ യിരുന്ന ഫ്രാൻസിസ് എന്ന യുവാവിന് ജീവിതത്തെ വിലയിരു ത്താനും മാനസാന്തരത്തിനും ഇടയായത് ദരിദ്രരോടും സമൂഹത്തിൽ നിന്ന് പുറന്തള്ളപ്പെട്ടവരോടുമുള്ള സമ്പർക്കമായിരുന്നു. കഷ്ടതയ നുഭവിക്കുകയും ഏകാന്തതയനുഭവിക്കുകയും ചെയ്യുന്നവരോടുള്ള

സ്നേഹപ്രവൃത്തിയാൽ കർത്താവിന്റെ രക്ഷാകരമായ പീഡകളിൽ പങ്കുചേരുകയും വിശുദ്ധവാരത്തിനായി നമുക്ക് ഒരുങ്ങുകയും ചെയ്യാം.

നമ്മുടെ പങ്കുവയ്ക്കലും കരുതലും എപ്രകാരമാകണമെന്ന് ഈശോ പഠിപ്പിക്കുന്നുണ്ട്: "നീ ഒരു സദ്യയോ അത്താഴവിരുന്നോ കൊടുക്കുമ്പോൾ നിന്റെ സ്നേഹിതരെയോ സഹോദരങ്ങളെയോ ബന്ധുക്കളെയോ ധനികരായ അയൽക്കാരെയോ വിളിക്കരുത്. ഒരുപക്ഷെ, അവർ നിന്നെ പകരം ക്ഷണിക്കുകയും അത് നിനക്ക് പ്രതിഫലമാവുകയും ചെയ്യും. എന്നാൽ നീ സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും, എന്തെന്നാൽ പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല" (ലൂക്ക 14,12-14).

നമ്മുടെ രൂപതയിൽ പകരം നൽകാൻ ഒന്നുമില്ലാത്തവരെ സഹായിക്കാനുള്ള രൂപതാതലത്തിലുള്ള വിഭവശേഖരണമാണ് യേശുനിധി. രൂപതയുടെ ദ്വിതീയ മെത്രാനായിരുന്ന മാർ ജേക്കബ് തൂങ്കുഴി, നമ്മുടെ കുടുംബങ്ങളുടെ ആവശ്യം കണ്ടറിഞ്ഞ് ആരംഭിച്ച കാരുണ്യത്തിന്റെ ഈ സമാഹരണം 30-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. നിർധനരായ നിരവധി വ്യക്തികൾക്ക് ഇന്ന് പ്രതീക്ഷയായ ഈ കരുതൽ ആരംഭിച്ചതിനും ജനകീയമാക്കിയതിനും ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യപിതാവിനെ കൃതജ്ഞതയോടെ അനുസ്മരിക്കാം. കഴിഞ്ഞവർഷം നിങ്ങളുടെ ഉദാരമായ സംഭാവനയിലൂടെ യേശുനിധിയിലേക്ക് ലഭിച്ചത് 59,92,816/- രൂപയാണ്. നടപ്പു സാമ്പത്തികവർഷത്തിൽ 2026 ഫെബ്രുവരി മാസം വരെ 364 നിർധന കുടുംബങ്ങൾക്കായി ചികിത്സ, വിദ്യാഭ്യാസം, വിവാഹം, ഭവനനിർമ്മാണം എന്നീ നാല് ആവശ്യങ്ങൾക്ക് 48,41,000/- രൂപ, നൽകിക്കഴിഞ്ഞു *(വിദ്യാഭ്യാസം 9,06,000 രൂപ, ഭവനനിർമ്മാണം 8,77,000 രൂപ, വിവാഹം 6,95,000 രൂപ, ചികിത്സ 22,58,000 രൂപ, മറ്റ് ജീവകാരുണ്യാവശ്യങ്ങൾ 1,05,000 രൂപ).* നമ്മൾ ഏറ്റെടുത്ത വിലങ്ങാട് പുനരധിവാസ പദ്ധതിയും ദൈവകൃപയാൽ വിജയകരമായി പൂർത്തിയായികൊണ്ടിരിക്കുന്നു. നിങ്ങളുടെ നിർലോഭമായ സഹകരണത്തോടോപ്പം, കെ.സി.ബി.സിയുടെയും മറ്റ് രൂപതകളുടെയും സന്യാസ ഭവനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും നിരവധി

വ്യക്തികളുടെയും ശ്രമഫലമായി ഇതിനോടകം 66 വീടുകളുടെ വെഞ്ചരിപ്പും താക്കോൽദാനവും പൂർത്തിയായി; ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം അടുത്തമാസത്തോടെ പൂർത്തിയാകും. പുനരധിവാസപദ്ധതിയോട് സഹകരിച്ച ഏവരെയും ഞാൻ നന്ദിയോടെ അനുസ്മരിക്കുകയും ദൈവത്തിന് കൃതജ്ഞതയർപ്പിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ മൂന്ന് ദശാബ്ദമായി മുടങ്ങാതെ നാം നടത്തുന്ന യേശുനിധി നമ്മുടെ ഇടവകയിൽ കഷ്ടപ്പെടുന്ന കുടുംബങ്ങളെ സഹായിക്കുന്നതിന് പ്രയോജനപ്പെടുത്തണമെന്ന് ഈയവസരത്തിൽ ഓർമിപ്പിക്കുന്നു. ആവശ്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കില്ലെങ്കിലും അത്യാവശ്യഘട്ടങ്ങളിൽ ഒരു സഹായമായി എല്ലാ കുടുംബങ്ങൾക്കും യേശുനിധി ഉണ്ടായിരിക്കും. കുടുംബകൂട്ടായ്മകളുടെ ഉത്തരവാദിത്തം വഹിക്കുന്നവർ, ഈ ജീവകാരുണ്യ ഫണ്ടിൽ നിന്ന് സഹായത്തിന് അർഹതയുള്ള കുടുംബങ്ങളുടെ കാര്യം, ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ഈ വർഷവും ഓശാന ഞായറാഴ്ച വി. കുർബാനമധ്യേയാണ് യേശുനിധിയിലേക്കുള്ള സംഭാവന സ്തോത്രക്കാഴ്ചയായി സ്വീകരിക്കുന്നത്. ഇതിനാവശ്യമായ കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുന്നതായിരിക്കും. സഹായം അർഹിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി ഏറ്റവും കുറഞ്ഞത് നിങ്ങളുടെ കുടുംബത്തിന്റെ ഒരു ദിവസത്തെ വരുമാനമെങ്കിലും നൽകണമെന്ന് പാവപ്പെട്ടവർക്കുവേണ്ടി ഞാൻ അഭ്യർഥിക്കുന്നു. ശമ്പളം ലഭിക്കുന്നവർ ഒരു ദിവസത്തെ വേതനവും മറ്റുള്ളവർ വരവനുസരിച്ച് ആനുപാതികമായ സംഖ്യയും യേശുനിധിയിലേക്ക് നൽകുമല്ലോ.

“സന്തോഷപൂർവ്വം നൽകുന്നവനെയാണ് ദൈവം സ്നേഹിക്കുന്നതെന്ന്” (2 കോറി 9,7) വി. പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസിനെയും കൊൽക്കത്തയിലെ വിശുദ്ധ മദർ തെരേസയേയുംപോലെ വേദനിക്കുന്നവന്റെ കണ്ണീരൊപ്പാൻ, ക്രിസ്തുവിനെയാണ് ശുശ്രൂഷിക്കുന്നതെന്ന ബോധ്യത്തിൽ ജീവിക്കാൻ, ആവശ്യം അറിഞ്ഞുള്ള നിങ്ങളുടെ ഉദാരമായ ദാനധർമ്മത്തിലൂടെ സാധിക്കട്ടെ. കുഞ്ഞുകരങ്ങളിലെ

അപ്പവും മീനും അനേകായിരങ്ങളുടെ വിശപ്പ് ശമിപ്പിക്കാൻ വർധിപ്പിക്കുന്ന കർത്താവ് നമ്മുടെ രൂപതയിൽ ഭവനമില്ലാത്തവർക്കും രോഗികൾക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനും വിവാഹച്ചെലവിനും ബുദ്ധിമുട്ടനുഭവിക്കുന്നവർക്കും അന്നന്നത്തെ അപ്പത്തിന് വകയില്ലാത്തവർക്കും അത്താണിയാകട്ടെ എന്ന് പ്രാർഥിക്കുന്നു.

നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹപ്രദമായ വലിയ ആഴ്ചയും സന്തോഷപ്രദമായ ഉയിർപ്പ് തിരുനാളും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*സർക്കുലർ 2026 മാർച്ച് 22 ഞായറാഴ്ച ദിവ്യബലിമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

# മദ്യ-ലഹരി വിരുദ്ധ ഞായർ
# 2026 മാർച്ച് 8, കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

No. 4177/K-5/KCBC/OL/DS

വന്ദ്യ വൈദികരേ, സന്യസ്തരേ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ 2026 മാർച്ച് 08-ാം തീയതി മദ്യ-ലഹരി വിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതര മായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദ മായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരി വിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മനുഷ്യജീവിതം ദൈവം നൽകിയ അമൂല്യമായ ദാനമാണ്. ജീവിതത്തെ സ്നേഹത്തോടെയും ഉത്തരവാദിത്വത്തോടെയും സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. കത്തോലിക്കാ സഭ മനുഷ്യശരീരത്തെ പരിശുദ്ധാത്മാവിന്റെ ആലയമായാണ് ദൈവവചന വെളിച്ചത്തിൽ മനസ്സിലാകുന്നത്. അതുകൊണ്ടാണ് മദ്യത്തിന്റെ അമിതമായ ഉപയോഗം ഗുരുതരമായ പാപമാണ് എന്ന് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നാം വായിക്കുന്നത് (CCC 2290). നിങ്ങൾ വീഞ്ഞ് കുടിച്ചു ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്. മറിച്ച് ആത്മാവിൽ പൂരിതരാകുവിൻ (എഫേസോസ് 5:18) എന്ന വി. പൗലോസ് അപ്പോസ്തലന്റെ പ്രബോധനം ഇത്തരുണത്തിൽ ഏറെ അർത്ഥപൂർണ്ണമാണ്.

ഒരു നിർണായക കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടുപോയി ക്കൊണ്ടിരിക്കുന്നത്. മദ്യവും ഇതര ലഹരിവസ്തുക്കളും നമ്മുടെ വീടുകളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും യുവജനങ്ങളിലേയ്ക്കും കടന്നു കഴിഞ്ഞിരിക്കുന്നു. ലഹരിയെ "സന്തോഷമായി" ചിത്രീകരി

ക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്വയം നശിപ്പിക്കുന്ന പ്രവണതകളെ വിനോദമെന്ന പേരിൽ മഹത്വപ്പെടുത്തുന്ന സംസ്ക്കാരം യുവതലമുറയെ ഇന്ന് വഴിതെറ്റിക്കുന്നുണ്ട്. വേദനയിൽ നിന്ന് രക്ഷപ്പെടാൻ ദൈവത്തിലാശ്രയിക്കുന്ന തിനുപകരം മദ്യത്തിലും ഇതര ലഹരിവസ്തുക്കളിലും അഭയം പ്രാപിക്കുന്ന പ്രവണതയാണ് വളർന്നുവരുന്നത്.

മദ്യപാനത്തിന്റെയും ഇതര ലഹരി വസ്തുക്കളുടെയും ഉപയോഗ ത്തിന്റെ തിക്തഫലങ്ങൾ സമൂഹത്തെ വല്ലാതെ ബാധിച്ചു കഴിഞ്ഞു. കുടുംബ ബന്ധങ്ങൾ മൗനമായി രക്തം വാർക്കുന്നു. അടച്ച വാതിലുകൾക്കുള്ളിൽ അമ്മമാർ തേങ്ങുന്നു. കുട്ടികൾ ഭയന്നു വിറയ്ക്കുന്നു. സ്നേഹക്കൂടായി നിർമ്മിച്ച വീടുകൾ കലഹത്തിന്റെയും പീഡനത്തിന്റെയും കൊലയുടെയും കേന്ദ്രങ്ങളായി മാറുന്നു. സമൂഹം ഇങ്ങനെ കണ്ണടച്ച് മുന്നോട്ട് പോകുമ്പോൾ ലഹരി സമാധാനവും ആരോഗ്യവും ജീവനും കവർന്നുകൊണ്ടിരിക്കുന്നു.

### ലഹരി എന്ന മാരക തിന്മ

ലഹരി വെറും സാമൂഹിക പ്രശ്നമല്ല. ഒരു ആത്മീയ പ്രതിസന്ധി യാണ്. മദ്യം മനഃസാക്ഷിയെ മയക്കുന്നു. ആത്മബലം തകർക്കുന്നു. മനുഷ്യനെ ദൈവത്തിൽ നിന്ന് പതുക്കെ അകറ്റുന്നു. ശത്രു ഒരുനാൾ കൊണ്ട് മനുഷ്യനെ നശിപ്പിക്കുന്നില്ല. 'അല്പം മാത്രം' 'ഒരു തവണ മാത്രം' എന്ന വഞ്ചനയിലൂടെയാണ് നാശം തുടങ്ങുന്നത്. ലഹരിയെന്നത് ശരീരത്തെ മാത്രമല്ല ആത്മാവിനെയും ബാധിക്കുന്ന തിന്മയാണ്. ലഹരി ഇന്ന്, കേവലം ഒരു ശീലമോ, രോഗമോ മാത്രമല്ല, മറിച്ച് വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്ന ഒരു പൈശാചികശക്തിയായി മാറിയിരിക്കുന്നു. വിശുദ്ധഗ്രന്ഥം ഓർമ്മിപ്പിക്കുന്നതുപോലെ, ഇത്തരം ദുഷ്ടശക്തികളെ കീഴ്പ്പെ ടുത്താനും തുരത്താനും ആത്മീയമായ ആയുധങ്ങളിൽ തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

'പ്രാർഥനയാലും ഉപവാസത്താലുമല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല' (മർക്കോസ് 9:29) എന്നാണ് സുവിശേഷ സാക്ഷ്യം. പ്രവാചകന്മാരെപോലെ സഭാമക്കൾ ഈ തിന്മയ്ക്കെതിരെ ഉണർന്നെഴുന്നേൽക്കേണ്ട കാലഘട്ടമാണിത്. ഈ

തിന്മയ്ക്കു മുൻപിലെ സഭാമക്കളുടെ മൗനം പാപമാണെന്ന കാര്യം വിസ്മരിക്കരുത്. കുട്ടികളെയും, യുവജനങ്ങളെയും ഈ തിന്മയിൽ നിന്ന് സംരക്ഷിക്കുവാനും, അവരുടെ നല്ല ഭാവി ഉറപ്പാക്കുവാനും സഭാകൂട്ടായ്മ അവളുടെ സർവ്വ സന്നാഹങ്ങളോടെ പോരാടേണ്ടി യിരിക്കുന്നു. യഥാർത്ഥ സന്തോഷം ലഹരിയിൽ അല്ലെന്നും നീതിയിലും, സമാധാനത്തിലും ആത്മാവിലുള്ള സന്തോഷത്തിലു മാണെന്ന (റോമാ 14:17) ദൈവവചന ബോധ്യം പുതുതലമുറയ്ക്ക് ഫലപ്രദമായി പകർന്നു കൊടുക്കുവാൻ നാം തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

### യുവജനങ്ങളോട്

യുവജനങ്ങൾക്ക് ഇത് മടങ്ങിവരവിന്റെ നിമിഷമാകട്ടെ. ലഹരിയോട് 'ഇല്ല' എന്ന് പറയുകയും ജീവിതത്തോട് 'അതെ' എന്ന് പറയുകയും ചെയ്യുന്ന തലമുറയായി പുതുതലമുറ മാറണം.

പ്രിയ യുവജനങ്ങളെ, അതിനായി നിങ്ങൾ സ്വയം ഉണരുകയും മറ്റുള്ളവരെ ഉണർത്തുകയും വേണം. കുപ്പിക്കുള്ളിലൊതുങ്ങുന്നതല്ല സന്തോഷം. ദൈവം നിങ്ങളെ സൃഷ്ടിച്ചത് ലഹരിക്കായല്ല. മറിച്ച് ലക്ഷ്യത്തിനും ദൗത്യത്തിനും വേണ്ടിയാണ്. ലഹരിയുടെ മായാവല യത്തിൽ പെടാതെ വിശ്വാസവും മൂല്യങ്ങളും ബോധ്യങ്ങളും അനുസരിച്ച് മാതൃകാജീവിതം നയിച്ച് മുന്നേറുക. ലഹരിയുടെ ഉപയോഗം ശീലമാകാതെയും, ശീലം അടിമത്തമാകാതെയും സ്വയം സുരക്ഷിത കവചം തീർക്കാനാകണം. ലഹരിയുടെ അടിമത്തം ജീവിതംതന്നെ തകർക്കും. നിങ്ങളുടെ ശരീരമാകുന്ന പരിശുദ്ധാവിന്റെ ആലയത്തെ ലഹരി വഴി സാത്താന്റെ ആലയമാക്കി മാറ്റരുത്. നിങ്ങൾ ശക്തരാണ് നിങ്ങൾക്ക് ലഹരിയോട് 'ഇല്ല' എന്ന് പറയാനുള്ള അധികാരം ദൈവം നല്കിയിട്ടുണ്ട്.

നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കോറി 6:19-20) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നിങ്ങൾക്ക് വഴിവിളക്കാകണം. 'വിഞ്ഞ് പരിഹാസകനും മദ്യം

കലഹക്കാരനുമാണ്; അവയ്ക്കടിമപ്പെടുന്നവനു വിവേകമില്ല' എന്നാണ് സുഭാഷിത മൊഴി (സുഭാഷിതങ്ങൾ 20:1). നിങ്ങളുടെ ഭാവി തീരുമാനിക്കുന്നത് നിങ്ങളുടെ വിശ്വാസമാണോ അല്ലെങ്കിൽ കൂട്ടുകാരുടെ സമ്മർദ്ദമാണോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കണം. ഇത് ഒരു തലമുറയുടെ തിന്മയ്ക്കെതിരെയുള്ള പോരാട്ടമാണ്. ഇന്ന് നിങ്ങൾ നിലപാട് എടുക്കുന്നില്ലെങ്കിൽ നാളെ നിങ്ങളുടെ മൗനം നിങ്ങളെയും മറ്റുള്ളവരെയും വീഴ്ത്തും. ലഹരിയുടെ അടിമകളാകാനല്ല ജീവിതത്തിന്റെ നേതാക്കളാകാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും (ജോഷ്വാ 24:15) എന്ന് ഇന്നുതന്നെ തീരുമാനിക്കൂ. ജീവിതത്തെ നശിപ്പിക്കുന്ന ഏത് ലഹരിയെയും ഞാൻ തള്ളികളയും എന്ന് ധൈര്യപൂർവം നമുക്ക് ലോകത്തോട് വിളിച്ചു പറയാൻ കഴിയട്ടെ.

### സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം

കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കേരള സഭയുടെ മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സീറോ മലബാർ-ലത്തീൻ-മലങ്കര റീത്തുകളിലെ 32 അതിരൂപതാ- രൂപതകളിലായി നടന്നു വരുന്നുണ്ട്. സഭയും, സംവിധാനങ്ങളും മദ്യം ഉൾപ്പെടെയുള്ള മാരക രാസലഹരികൾക്കെതിരെ ഉണർന്ന് പ്രവർത്തിക്കുമ്പോൾ ഇതിനെ നിരോധിക്കാനോ, നിയന്ത്രിക്കാനോ, തടയാനോ, അധികാരപ്പെട്ടവർ നിസ്സംഗത പാലിക്കുകയോ യഥേഷ്ടം വ്യാപിപ്പിക്കുവാൻ ഉത്സുകരാകുകയോ ചെയ്യുന്നത് അപകടകരമായ പ്രവണതയാണ്.

ബാറുകളുടെ എണ്ണം 29 മാത്രമായിരിക്കേ 2016 കാലയളവിൽ അധികാരത്തിലെത്തിയ മുന്നണി ആദ്യം പറഞ്ഞിരുന്നത് അധികാരത്തിൽ വന്നാൽ നിലവിലുള്ളതിൽ നിന്നും ഒരു തുള്ളി മദ്യം പോലും കൂടുതലായി അനുവദിക്കില്ലെന്നായിരുന്നു. അധികാരത്തിലെത്തിയപ്പോൾ അവരുടെ നയം മദ്യവർജ്ജനമായി മാറി. വർജ്ജനം ഒരു വ്യക്തി സ്വയം സ്വീകരിക്കേണ്ട തീരുമാന മാണെന്നും നിരോധനമാണ് തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ചെയ്യേണ്ടതെന്നുമുള്ള യാഥാർത്ഥ്യം കാറ്റിൽപറത്തിയാണ് മദ്യശാലകൾക്ക് യഥേഷ്ടം അവർ ലൈസൻസ് അനുവദിച്ചത്.

രണ്ടാം ഇടതുസർക്കാർ അധികാരത്തിലെത്തി ഇപ്പോൾ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം അവശേഷിക്കേ തിരിഞ്ഞു നോക്കുമ്പോൾ സംസ്ഥാനത്താകെ ആയിരത്തിലധികം ബാറുകൾ, ആയിരത്തിലധികം ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ടലറ്റുകൾ, നാലായിരത്തിലധികം കള്ളുഷാപ്പുകൾ തുടങ്ങി മദ്യശാലകളുടെ പെരും പ്രളയത്തിലാണ് സംസ്ഥാനം.

മദ്യത്തിന്റെ ലഭ്യത കുറവാണ് മാരക രാസലഹരികളുടെ കുത്തൊഴുക്കിന് കാരണമായതെന്നായിരുന്നു ഭരണകർത്താക്കളുടെ പ്രചരണം. ഇതിന്റെ മറപിടിച്ച് മദ്യശാലകൾക്ക് യഥേഷ്ടം ലൈസൻസ് നല്കി ഈ സർക്കാർ ചരിത്രത്തിൽ ഇടം നേടുകയായിരുന്നു. എന്നാൽ മദ്യപിച്ചുകൊണ്ടിരുന്നവരല്ല മാരക രാസലഹരികളുടെ ഉപയോഗത്തിലേക്ക് കടന്നതെന്നാണ് പച്ചയായ യാഥാർത്ഥ്യം. നമ്മുടെ കുട്ടികളും യുവതലമുറയുമാണ് മാരക രാസലഹരിയെന്ന വിപത്തിന്റെ കെണിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത്.

എം.ഡി.എം.എ. ഹൈബ്രിഡ് കഞ്ചാവ് പോലുള്ള മയക്കു മരുന്നുകൾ ഇന്ന് സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും വ്യാപകമായിരിക്കുകയാണ്. കടുത്ത നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്വപ്പെട്ടവരാകട്ടെ പുതിയ പുതിയ വിഷയങ്ങൾ സൃഷ്ടിച്ച് അപകടകരമായ രീതിയിൽ വളർന്നിരിക്കുന്ന മയക്കുമരുന്ന് വ്യാപനത്തിൽ നിന്ന് സമൂഹത്തിന്റെ ശ്രദ്ധതിരിക്കുകയാണ്. അനധികൃത മദ്യനിർമ്മാണവും, ലഹരി കടത്തും തടയാൻ ഉത്തരവാദിത്വപ്പെട്ട എക്സൈസ്- പോലീസ്- ഫോറസ്റ്റ്-റവന്യൂ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ ഫലം പുറപ്പെടുവിക്കുന്നില്ല.

സംസ്ഥാനത്തെ 1400 സ്കൂളുകൾ മയക്കുമരുന്നിന്റെ ഹോട്ട് സ്പോട്ടായി സർക്കാർ തന്നെ വിലയിരുത്തിയിട്ടുണ്ട്. കൊച്ചു പെൺകുട്ടികളെ പോലും മയക്കുമരുന്ന് മാഫിയ വലയിൽ വീഴ്ത്തി, ലഹരിവാഹകരും, ഉപയോക്താക്കളും പിന്നീട് വില്പനക്കാരുമായി മാറ്റുകയാണ്. രക്ഷിതാക്കൾ അതീവജാഗ്രത പുലർത്തിയില്ലായെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി അപകടത്തിലാവും. നമ്മുടെനാട് മാനസിക രോഗികളുടെ ഹബ്ബാകാൻ നാം അനുവദിച്ചുകൂടാ. സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ

വൈകുന്നേരങ്ങളിൽ ഡിസ്പോസിബിൾ സിറിഞ്ചുകൾക്കായി കുട്ടികളും, ചെറുപ്പക്കാരും എത്തുന്നുണ്ടെന്ന് മെഡിക്കൽ ഷോപ്പുടമകളുടെ ഏറ്റുപറച്ചിൽ വീണ്ടും ഭീതി വർദ്ധിപ്പിക്കുന്നതാണ്.

സഹോദരൻ സഹോദരനെ തല്ലിക്കൊല്ലുന്നതും, മകൻ അമ്മയെ വെട്ടിക്കൊല്ലുന്നതും, അപ്പനെ മകൻ ഓടിച്ചിട്ട് വെട്ടുന്നതും, 6 മാസം പ്രായമുള്ള കുഞ്ഞിനെ കടലിലെറിയുന്നതും, കാലിൽ പിടിച്ച് നിലത്തടിക്കുന്നതു മൊക്കെ സമീപ ദിവസങ്ങളിലും, മാസങ്ങളിലും നടന്ന മദ്യത്തിന്റെയും മാരക രാസലഹരികളുടെയും ഭീകരത തുറന്നുകാട്ടുന്ന സംഭവങ്ങളാണ്. മദ്യത്തിനും, മയക്കുമരുന്നിനു മെതിരെ ശക്തമായി നിലപാടുകളും നടപടികളും സ്വീകരിക്കുന്ന ഒരു സർക്കാരാണിവിടെ ഉണ്ടാകേണ്ടത്. വിഷയങ്ങൾ മൂർദ്ധന്യത്തിൽ എത്തുമ്പോൾ സംസ്ഥാനം കേന്ദ്രത്തെയും, കേന്ദ്രം സംസ്ഥാന ത്തേയും പഴിചാരി തലയൂരുന്ന സ്ഥിതി ഇനി ഉണ്ടാവരുത്. ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാൻ ആർജ്ജവമുള്ള ഭരണസംവിധാനം സംസ്ഥാനത്തുണ്ടാകണം.

## ഉപസംഹാരം

മദ്യ-ലഹരി വിരുദ്ധ ഞായറാചരണത്തിന്റെ ഭാഗമായി നമ്മുടെ എല്ലാ രൂപതകളിലും വിപുലമായ പരിപാടികളാണ് നടന്നുവരുന്നത്. ഈ ദിനാചരണം മനുഷ്യസമൂഹം ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാനും പോരാടാനും സമൂഹത്തിന് പ്രചോദനമാകട്ടെ. നമ്മുടെ എല്ലാ ഇടവകകളിലും കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുവാനും നമ്മുടെ എല്ലാ സമുദായ-ഭക്തസം ഘടനകളും സംയുക്തമായി ഈ വിപത്തിനെതിരെ ഊർജ്ജിതമായി രംഗത്തിറങ്ങുവാനും എല്ലാ വിശ്വാസികളോടും ആഹ്വാനം ചെയ്യുന്നു.

കാലം ഇതുവരെ കണ്ടിട്ടില്ലാത്ത വിധം ലഹരി എന്ന പൈശാചിക തിന്മ നമ്മുടെ സമൂഹത്തിൽ നിരന്തരം ആഴത്തിലുള്ള പ്രഹരം ഏല്പിക്കുമ്പോൾ നമുക്ക് പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാം. കാരണം നമുക്ക് ഒരു രക്ഷകൻ ഉണ്ട്, കർത്താവായ യേശുക്രിസ്തു. അവൻ ഇപ്രകാരം അരുളിച്ചെയ്തു. പുത്രൻ നിങ്ങളെ സ്വതന്ത്രനാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാണ് (യോഹന്നാൻ 8:36). അതുകൊണ്ട് നമ്മുടെ രക്ഷകനായ യേശുവിന്റെ

നാമത്തിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് ഈ തിന്മയുടെ മേലുള്ള വിജയ പോരാട്ടം നമുക്ക് ശക്തമായി മുന്നോട്ടു കൊണ്ടുപോകാം. എല്ലാവർക്കും മദ്യ-ലഹരി വിരുദ്ധ ഞായർ ദിനാശംസകൾ.

യേശുവിൽ സ്നേഹപൂർവം,

**ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ**
(ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ)

**ബിഷപ് മാർ അലക്സ് താരമംഗലം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ))

ഈ സർക്കുലർ 2026 മാർച്ച് 8-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കേണ്ടതാണ്.

# ഇടയലേഖനം-നോമ്പുകാലം

ഇടയലേഖനം 01/2026

**കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപതയിലെ വൈദികർക്കും സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.**

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

ഈശോയുടെ പെസഹാരഹസ്യങ്ങളോട് താദാത്മ്യപ്പെടാനുള്ള അമ്പതുനോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്ന ഫ്രാൻസിസ്കൻ വർഷവും സീറോ മലബാർ സഭയിലെ സമുദായ ശക്തീകരണവർഷവും നമ്മുടെ രൂപത സ്ഥാപനത്തിന്റെ നാല്പതാം വർഷവും നാം ആചരിക്കുകയാണല്ലോ. വ്യക്തിജീവിതങ്ങളും കുടുംബങ്ങളും ശുശ്രൂഷാമേഖലകളും വിശുദ്ധീകരിക്കപ്പെടാൻ ഈ നോമ്പുകാലത്ത് നമുക്ക് ആത്മാർഥമായി ആഗ്രഹിക്കുകയും, പ്രാർഥിക്കുകയും ചെയ്യാം. സഭ നമുക്കായി ഒരുക്കിത്തരുന്ന ഈ നവീകരണകാലഘട്ടം ഗൗരവത്തോടെ കാണാനും പ്രാർഥനയും പ്രായശ്ചിത്ത പ്രവൃത്തികളും കൂടുതൽ സജീവമാക്കാനും നാം ഒരുമിച്ച് പരിശ്രമിക്കേണ്ടതുണ്ട്.

ഈശോയുടെ പീഡാസഹനം, മരണം, സംസ്കാരം, ഉത്ഥാനം എന്നീ അടിസ്ഥാന രക്ഷാകര രഹസ്യങ്ങളെ ധ്യാനിക്കേണ്ട സന്ദർഭമാണ് നോമ്പുകാലം. രക്ഷാകരമായ ദൈവീക പ്രവൃത്തിയെ പത്രോസ് ശ്ലീഹ ഇപ്രകാരം പഠിപ്പിക്കുന്നു: "പിതാക്കന്മാരിൽനിന്ന് നിങ്ങൾക്ക് ലഭിച്ച വ്യർഥമായ ജീവിതരീതിയിൽനിന്ന് നിങ്ങൾ വീണ്ടെടുക്കപ്പെട്ടത്

വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല എന്ന് നിങ്ങൾ അറിയുന്നുവല്ലോ. കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യ രക്തം കൊണ്ടത്രേ'' (1 പത്രോ 1,18-19). കാൽവരിയിലെ പരമയാഗത്താൽ ക്രിസ്തു നമ്മെ വീണ്ടെടുത്തതിനെ സവിശേഷമായ ധ്യാനത്തിന് വിധേയമാക്കാൻ നോമ്പിലെ ദിനരാത്രങ്ങളിൽ നമുക്ക് സാധിക്കട്ടെ. പീഡാനുഭവധ്യാനം മഹത്വവും ശ്രേഷ്ഠവുമായ പ്രാർഥനയാണെന്ന് മഹാനായ വി. ആൽബർട്ടും അവ ദൈവകരുണയുടെ വറ്റാത്ത ഉറവയാണെന്നും തിരുമുറിവുകളിൽ ഹൃദയം ചേർക്കുന്ന ആത്മാവ് ഈശോയെ അത്രമാത്രം ആനന്ദിപ്പിക്കുന്നുവെന്ന് വി. ഫൗസ്റ്റീനായും സാക്ഷ്യപ്പെടുത്തുന്നുണ്ട്. നിങ്ങൾക്ക് എന്നോടൊപ്പം അല്പസമയം ഉണർന്നിരുന്നു പ്രാർഥിക്കാൻ സാധിക്കുന്നില്ലേ (മത്താ 26, 36-46) എന്ന് ഗത്സേമനിയിൽ ശിഷ്യരോട് ആവശ്യപ്പെടുന്ന ഈശോയുടെ വചനങ്ങൾ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് നോമ്പുകാലം പീഡാനുഭവധ്യാന മാക്കാനും ക്രൂശിതനെ സ്നേഹിച്ച്, തിരുമുറിവുകളുടെ സാന്ത്വനവും കൃപയും അനുഭവിക്കാനും നമുക്ക് സാധിക്കട്ടെ.

നോമ്പുകാലം നമ്മുടെ അനുദിന ജീവിതത്തിലെ കുരിശുകളെ സ്വീകരിക്കാനും ദൈവത്തെ സ്നേഹിക്കാനുമുള്ള അവസരമാകണം. രണ്ടാം ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ 800-ാം മരണവാർഷികത്തിന്റെ ആചരണത്തിലാണല്ലോ ഈ വർഷം ആഗോളസഭ. ക്രിസ്തുവിന്റെ തിരുമുറിവുകളെ പഞ്ചക്ഷതങ്ങളായി സ്വീകരിച്ച വിശുദ്ധൻ, ക്രിസ്തുവിന്റെ ദാരിദ്ര്യം അക്ഷരാർഥത്തിൽ അനുഗമിക്കാൻ പരിശ്രമിച്ചവനാണ്. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ (മത്താ 5,3) എന്ന തിരുവചനത്തിന് ജീവിതം കൊണ്ട് വ്യാഖ്യാനം നല്കിയ അസ്സീസിയിലെ പഞ്ചക്ഷതധാരി ക്രൂശിതനെ പുണരാൻ നിരവധി ഉപേക്ഷിക്കലുകൾ തന്റെ ജീവിതത്തിൽ നടത്തി. ഭൗതികസുഖങ്ങളും ധനാഢ്യനായ പിതാവ് നല്കിയ പിതൃസ്വത്തും ഉപേക്ഷിച്ച യുവാവായ ഫ്രാൻസിസ്, ഹാലേല്ലൂയ ഗീതങ്ങളാൽ തന്റെ പ്രിയപ്പെട്ട സ്വർഗ്ഗീയ പിതാവിനെ സ്തുതിച്ചു. ആകെയുള്ള അല്പവസ്ത്രങ്ങൾ കവർച്ചക്കാർ കവർന്നെടുത്തപ്പോഴും യുവത്വത്തിന്റെ സായാഹ്നത്തിൽ അന്ധത ബാധിച്ചപ്പോഴും ദൈവത്തിലുള്ള ആനന്ദം കൈവിടാതെ

അസ്സീസിയിലെ വിശുദ്ധൻ അകക്കണ്ണാലുള്ള കാഴ്ചയാൽ സ്തോത്രഗീതം ആലപിക്കുകയും തനിക്ക് ഏറ്റവും പ്രിയപ്പെട്ട ക്രിസ്തുവചനം ആഴത്തിൽ ധ്യാനിക്കുകയും ചെയ്തു: "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മത്താ 16,24). ദൈവസ്നേഹത്താൽ പ്രചോദിതമായി പരിത്യാഗത്തിന്റെ പാത പുൽകുന്നവർ വിശുദ്ധിയുടെ വഴി തിരഞ്ഞെടുക്കുന്നു. ത്യാഗനിർഭരമായ ജീവിതത്തിലൂടെ ദൈവസന്നിധിയിൽ ആത്മാർപ്പണം നടത്തിയ ഈശോയുടെ വി. കൊച്ചുത്രേസ്യ ഇപ്രകാരം ദൈവത്തെ സ്തുതിക്കുന്നു, "എത്രയും അമൂല്യമായ ആ കുരിശിന്റെ ഒരംശം എനിക്കു നല്കാൻ അങ്ങ് കനിഞ്ഞതിനാൽ സ്വർഗ്ഗത്തിൽ അങ്ങയോടു സാദൃശ്യയാകാമെന്നും അങ്ങയുടെ പീഡാനുഭവത്തിന്റെ പാവനമായ അടയാളങ്ങൾ മഹത്വം പ്രാപിച്ച എന്റെ ശരീരത്തിൽ പ്രകാശിക്കുന്നതു കാണാമെന്നും ഞാൻ പ്രത്യാശിക്കുന്നു".

സമുദായ ശക്തീകരണ വർഷത്തിലെ ഈ നോമ്പുകാലം കൂട്ടായ്മയ്ക്കും സാഹോദര്യത്തിനും പ്രാധാന്യം നല്കേണ്ട അവസരമാണ്. കർത്താവ് സ്വന്തം രക്തത്താൽ സഭയെ നേടിയെടുത്തു (അപ്പ 20,28). സമുദായത്തിന്റെ ശക്തീകരണത്തിനും പുനരുദ്ധാരണത്തിനുമായി പ്രവർത്തിക്കാനുള്ള കൃപ കാൽവരിയിൽ പരമയാഗം അർപ്പിച്ചവനോട് പ്രത്യേകം നമുക്ക് ആവശ്യപ്പെടുകയും ക്രിസ്തീയ സാഹോദര്യത്തിന് പ്രാധാന്യം നല്കി ഒറ്റസമൂഹമായി നാം സഞ്ചരിക്കേണ്ടവരാണെന്നുള്ള തിരിച്ചറിവ് സ്വന്തമാക്കുകയും ചെയ്യാം. ദൈവത്തോടുള്ള അനുരഞ്ജനത്തോടൊപ്പം സഹോദരങ്ങളോടുള്ള അനുരഞ്ജനവും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു. കുടുംബാംഗങ്ങൾ, അയൽക്കാർ, ബന്ധുക്കൾ എന്നിവർ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ഭിന്നതകളോ വിയോജിപ്പുകളോ നിലനിൽക്കുന്നുവെങ്കിൽ അവയ്ക്ക് പരിഹാരം കാണാനും എളിമയോടെ വിട്ടുവീഴ്ചകൾക്ക് തയ്യാറാകാനും സാധിക്കുമ്പോൾ നോമ്പുകാലം ജീവിതബന്ധിയാകും. അതുവഴി പരസ്പരമുള്ള സ്നേഹവും കൂട്ടായ്മയും സന്തോഷവും വീണ്ടെടുക്കപ്പെടും. അപ്പോൾ, സമുദായം എന്ന നിലയിൽ നാം ആത്മീയമായും ഭൗതികമായും ശക്തി പ്രാപിക്കുകയും ചെയ്യും.

ആത്മീയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചും ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ചും ഈ നോമ്പുകാലം നമുക്ക് ഫലദായകമാക്കാം. ഗാഗുൽത്തായിലെ ബലിയുടെ അനുസ്മരണമായ വി. കുർബാനയിൽ നോമ്പിലെ എല്ലാ ദിവസവും പങ്കെടുക്കാൻ നിങ്ങൾ ശ്രദ്ധിക്കുമല്ലോ. കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നു എന്ന് ഉറപ്പുവരുത്തണം.

മാനസാന്തരം, ധർമദാനം, പ്രാർഥന, ഉപവാസം എന്നിവയിലൂടെ ആർജിച്ചെടുക്കേണ്ട വിശുദ്ധി നോമ്പുകാലത്ത് പ്രധാനപ്പെട്ടതാണ്. ഇഷ്ടപ്പെട്ട ഭക്ഷ്യവസ്തുക്കളോടൊപ്പം സഭ നിർദ്ദേശിക്കുന്നതു പോലെ മത്സ്യമാംസാദികൾ ഉപേക്ഷിച്ചും ദൈവസ്നേഹത്തിൽ വളരാനുള്ള ആത്മാർഥമായ പരിശ്രമങ്ങൾ നാം നടത്തണം. വളരെ കാർക്കശ്യത്തോടെ നോമ്പുകാലം അനുഷ്ഠിച്ചിരുന്ന പഴയ തലമുറ യുടെ ആത്മീയ ചൈതന്യം തിരികെ കൊണ്ടുവരാൻ നമ്മൾ പരിശ്ര മിക്കണം. നോമ്പുകാലത്ത് സാമൂഹിക ആഘോഷങ്ങളിൽ പങ്കെടുത്ത് മാംസം കഴിക്കുന്നവരെ കാണുമ്പോൾ എന്റെ ഹൃദയം വേദനിക്കാ റുണ്ട്. നിങ്ങൾക്ക് അല്പസമയം എന്നോടുകൂടെ ഉണർന്നിരിക്കാൻ സാധിക്കുന്നില്ലേ എന്ന് ശിഷ്യന്മാരോടുള്ള ഈശോയുടെ ചോദ്യം ഞാൻ അപ്പോൾ ഓർക്കാറുണ്ട്. നമ്മുടെ സമുദായത്തിന്റെ നഷ്ടപ്പെ ട്ടുപോയ പാരമ്പര്യങ്ങളെ വീണ്ടെടുക്കാനും നോമ്പുകാലം അനുഗ്രഹ ദായകമാക്കാനും നമുക്ക് പരിശ്രമിക്കാം. ആത്മാർഥമായ ഉപവാസവും പ്രാർഥനയും പരിത്യാഗവും തിന്മയുടെ സ്വാധീനത്തിൽനിന്നും പൈശാചികതന്ത്രങ്ങളുടെ ആക്രമണങ്ങളിൽ നിന്നും നമുക്ക് മോചനം നൽകും.

നോമ്പാചാരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മാതാപിതാക്കൾ കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തുകയും അവരെ നോമ്പ് ആചരിക്കാൻ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതുവഴി ദൈവവിശ്വാസവും ധാർമിക മൂല്യവുമുള്ള തലമുറ വളർന്നുവരാൻ സഹായിക്കും. അങ്ങനെ, കുടുംബങ്ങളിൽ വിശ്വാസകൈമാറ്റം കൂടുതൽ മികവുറ്റ താകും. കാലിക പ്രസക്തമായിരിക്കുന്ന 'ഡിജിറ്റൽ ലെന്റ്' അനുഷ്ഠിക്കാൻ നമ്മൾ പ്രത്യേക താല്പര്യം എടുക്കണം. കുടുംബ ങ്ങൾ തമ്മിലുള്ള ആശയവിനിമയം ഇല്ലാതാക്കുന്ന മൊബൈൽ

ഫോൺ ഉൾപ്പെടെയുള്ള ഗാഡ്ജറ്റുകളുടെ ഉപയോഗം നിയന്ത്രിക്കാൻ ഈ നോമ്പുകാലം സഹായകമാകട്ടെ. കുട്ടികളും യുവജനങ്ങളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുമല്ലോ. നമ്മുടെ രൂപതയിലെ കാരുണ്യഭവനങ്ങൾ സന്ദർശിച്ചും കഴിവിനനുസരിച്ച് അവരെ സഹായിച്ചും നോമ്പുകാലത്ത് സമാഹരിക്കുന്ന, നിർധനർക്ക് അത്താണിയായ 'യേശുനിധിയെ' പ്രോൽസാഹിപ്പിച്ചും നമുക്ക് ഈശോയുടെ കരുണാർദ്ര സ്നേഹത്തിന്റെ വക്താക്കളായി മാറാം.


പാപസാഹചര്യങ്ങൾ ഉപേക്ഷിച്ച് തിരികെയെത്തുന്ന ധൂർത്ത പുത്രനെ ആശ്ലേഷിക്കുന്ന പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം അനുഭവിക്കാൻ ഈ നോമ്പുകാലം നമ്മെ ശക്തിപ്പെടുത്തട്ടെ. തെറ്റുകളുടെ വഴികൾ ഉപേക്ഷിച്ച പാപിനിയായ സ്ത്രീ കർത്താവിന്റെ പാദങ്ങളിൽ പൂശിയ വിലയേറിയ നാർദ്ദിൻ തൈലംപോലെ നമ്മുടെ പ്രാർഥനയും ദാനധർമ്മങ്ങളുമാകുന്ന സുഗന്ധതൈലത്താൽ ക്രിസ്തുവിന്റെ ശരീരത്തെ ആദരിക്കാനും സ്നേഹിക്കാനും നമുക്ക് സാധിക്കട്ടെ. തന്റെ പത്തുനാണയങ്ങളിൽ ഒരെണ്ണം നഷ്ടമായപ്പോൾ അതുകണ്ടു കിട്ടുവോളം അമ്പേഷിച്ച സ്ത്രീയെപ്പോലെ നഷ്ടമായ നന്മകളെ തിരികെപ്പിടിക്കാനുള്ള പരിശ്രമങ്ങൾക്ക് ഈ നോമ്പുകാലം സാക്ഷ്യമാകട്ടെ. ക്രിസ്തുവിനെ സ്വഭവനത്തിൽ സ്വീകരിച്ച് തന്റെ വിഭവങ്ങൾ എല്ലാവർക്കുമായി ചെലവഴിക്കാൻ ഉദ്യമിച്ച സക്കേവൂസിനെപ്പോലെ നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നമ്മുടെ പരിത്യാഗപ്രവർത്തികളും ദാനധർമ്മവും പ്രയോജനപ്രദമാകട്ടെ.

ദൈവാനുഗ്രഹം നിറഞ്ഞ നോമ്പുകാലം ഏവർക്കും ആശംസിക്കുന്നു. പരി. കന്യകാമറിയത്തിന്റെയും വി. യൗസേപ്പിന്റെയും രൂപത മധ്യസ്ഥയായ വി. അൽഫോൻസായുടെയും സഹായവും സംരക്ഷണവും നിങ്ങൾക്ക് എല്ലാവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുകൂടെ ഉണ്ടായിരിക്കട്ടെ ഇപ്പോഴും ✠ എപ്പോഴും ✠ എന്നേയ്ക്കും ✠ ആമ്മേൻ.

ഈശോയിൽ സ്നേഹപൂർവം,



✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ ഇടയലേഖനം ഫെബ്രുവരി 15-ാം തീയതി ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാനമധ്യേ വായിക്കാൻ നൽകിയത്.*

## 2026 ഫെബ്രുവരി 08 തിരുബാലസഖ്യദിനം കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**No. 4183/K-5/KCBC/OL/DS**

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ആഗോള കത്തോലിക്കാസഭ ഈ വർഷത്തെ തിരുബാലസഖ്യദിനം ഫെബ്രുവരി എട്ടാം തീയതി ഞായറാഴ്ചയാണ് ആചരിക്കുന്നത്. കുട്ടികളുടെ സമഗ്രമായ ഉന്നമനത്തെ ലക്ഷ്യം വെച്ചുകൊണ്ട് അവരെ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാക്കുക എന്ന ഉദ്ദേശത്തോടെ സാർവത്രികസഭ മുഴുവനായി പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. പരസ്പരം സഹായിക്കാൻ പ്രോത്സാഹിപ്പിച്ചു കൊണ്ടാണ് തിരുബാലസഖ്യത്തിലെ അംഗങ്ങളെ വിശുദ്ധിയുടെ പാതയിൽ നയിക്കേണ്ടത്. ഈ സംഘടനയിൽ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർഥനാശംസകൾ നേരുന്നു.

"കുട്ടികൾ കുട്ടികളെ സഹായിക്കുന്നു"എന്നുള്ള മഹത്തായ ദൗത്യത്തെയാണ് തിരുബാലസഖ്യം എന്ന സംഘടന മുന്നോട്ടു വെക്കുന്നതും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതും. ഇത് നമ്മുടെ ആപ്തവാക്യം മാത്രമല്ല, ഓരോ കുട്ടിയുടേയും ഹൃദയത്തിൽനിന്ന് ഉദിക്കേണ്ട ഒരു മിഷണറി ബോധ്യം കൂടിയാണ്. തിരുബാലസഖ്യത്തിലെ ഓരോ കുട്ടിയും പ്രാർഥിക്കുന്ന മിഷണറിയാവണം, സ്നേഹിക്കുന്ന മിഷണറിയാവണം, സഹായിക്കുന്ന മിഷണറിയാവണം.

പുതുതലമുറയിലെ കുട്ടികൾ ജനിച്ചു വീഴുന്നതുതന്നെ ഡിജിറ്റൽ ലോകത്തിലേക്കാണ്. നമ്മുടെ കുട്ടികൾ വളരുന്നത് ബൈബിളും പുസ്തകങ്ങളും മാത്രം തുറക്കുന്ന ലോകത്തിലല്ല, പകരം മൊബൈൽ ഫോൺ, ഗെയിംസ്, സോഷ്യൽ മീഡിയ എന്നിവ നിറഞ്ഞ പുതുലോകത്തിലാണ്. ഇവയുടെ ഉപഭോക്താക്കളായി തുടരുമ്പോഴും

ഇതിന്റെ ഗുണദോഷങ്ങളെപ്പറ്റി നാമോരോരുത്തരും ബോധവാന്മാരുമാണ്. ഡിജിറ്റൽ കാലത്തിന്റെ ഗുണങ്ങളെ സഭയോടും കൂടി ചേർത്തു നിർത്തിയല്ലേ നാം പരിശീലിക്കേണ്ടത്? ഡിജിറ്റൽ സാധ്യതകളെ ദൈവം തന്ന ഒരു അവസരമായിക്കണ്ട് ശരിയായി ഉപയോഗിച്ചാൽ കുട്ടികൾക്ക് സഭയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും മറ്റു പ്രദേശങ്ങളിലെ മനുഷ്യരുടെ ജീവിതം കാണാനും വിശുദ്ധരുടെ കഥകൾ കേൾക്കാനും പ്രാർഥനകൾ കണ്ടും കേട്ടും പഠിക്കാനും ഓൺലൈൻ വഴി തിരുവചനം വായിക്കാനുമൊക്കെയുള്ള എത്രയെത്ര സാധ്യതകളെ കണ്ടെത്താം. ഇത്തരത്തിൽ നല്ലകാര്യങ്ങൾ ചെയ്യാനും പഠനാവശ്യത്തിനായും ഇവ ഉപയോഗിക്കാമെങ്കിലും കുട്ടികൾ കുറേയധികം സമയം ഫോണിലും കമ്പ്യൂട്ടറിലും ചെലവഴിക്കാതിരിക്കാനും കൂടി നമ്മുടെ പ്രത്യേകശ്രദ്ധ വേണം എന്നതും പ്രധാനകാര്യമാണ്. ഡിജിറ്റൽ ലോകത്തിന്റെ ദോഷങ്ങളും കുട്ടികളെ പറഞ്ഞു മനസ്സിലാക്കേണ്ടതുണ്ട്. അതിരുകടന്ന മൊബൈൽ ഉപയോഗം പ്രാർഥനയ്ക്കുള്ള സമയം ഇല്ലാതാക്കുന്നു, കുടുംബത്തിൽ പരസ്പരമുള്ള സംസാരം കുറയ്ക്കുന്നു, ഒറ്റപ്പെടലും അസൂയയും താരതമ്യവും വളർത്തുന്നു. സ്ക്രീനിൽ വളരുന്ന കുട്ടി, ഹൃദയത്തിലെ ദൈവത്തെ നഷ്ടപ്പെടുത്താൻ ഇടയാവരുത്.

നമ്മുടെ മക്കൾക്ക് നാം നൽകുന്ന ഏറ്റവും വലിയ സമ്പാദ്യം എന്താണ്? ഭൗതികമായ സൗകര്യങ്ങൾക്കും മികച്ച വിദ്യാഭ്യാസത്തിനുമപ്പുറം, ഈശോയോടൊപ്പമുള്ള ഒരു സൗഹൃദം അവർക്കുണ്ടോ? ഈശോയെ അവർ തങ്ങളുടെ പ്രിയപ്പെട്ടയാളായി സ്വീകരിക്കുന്നുവോ? വിശുദ്ധ മത്തായിയുടെ സുവിശേഷം 19:14 ൽ ഈശോ പറയുന്നു: 'ശിശുക്കളെ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ; അവരെ തടയരുത്. എന്തെന്നാൽ, സ്വർഗരാജ്യം അവരെപ്പോലെയുള്ളവരുടേതാണ്'. പലപ്പോഴും പല കാരണങ്ങളാൽ കുട്ടികൾ ഈശോയുടെ സ്നേഹത്തിൽ നിന്ന് അകന്നു പോവാറുണ്ട്. ദൈവാശ്രയത്തേക്കാൾ ഉപരിയായി ലോകചിന്തകളോ പരീക്ഷാവിചാരങ്ങളോ അവരിൽ കുത്തിനിറയ്ക്കുമ്പോൾ, ഈശോയുടെ അടുത്തേക്കുള്ള വഴി അവർക്കു മുന്നിൽ മറയാതിരിക്കാൻ നാം ശ്രമിക്കണം. സ്വർഗരാജ്യത്തിന് അർഹരായ കുഞ്ഞുങ്ങളെ ദൈവാനുഭവത്തിലേക്ക് വളർത്തുക എന്നത് മാതാപിതാക്കളുടെ

പ്രാഥമികകടമയാണ്. കുട്ടികൾ ഈശോയിലേക്ക് വരുന്നത് മാതാപിതാക്കളിലൂടെയാണ്. എല്ലാവരും ഒന്നിച്ചുള്ള കുടുംബ പ്രാർഥന ഹൃദയത്തിൽ തൊടുന്ന ദൈവാനുഭവമായി മാറണം. മാതാപിതാക്കൾ ഈശോയുമായി പുലർത്തുന്ന ബന്ധമാണ് മക്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ പാഠപുസ്തകം.

കുട്ടികളുടെ എല്ലാ വിചാരങ്ങളിലും അവരുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളിലും ഈശോയോട് കൂട്ടുകൂടണം എന്ന ബോധ്യം അവർക്കു നൽകണം. കുട്ടികൾക്ക് അവരുടെ പഠനം, കളികൾ, സങ്കടങ്ങൾ, കൊച്ചു കൊച്ചു ആഗ്രഹങ്ങൾ എന്നിവയിലെല്ലാം ഈശോയെ കൂട്ടുപിടിക്കാൻ സാധിക്കണം. ദൈവമായ ഈശോ അവരുടെ എല്ലാ കാര്യങ്ങളും കേൾക്കുന്ന ഒരു അടുത്ത സുഹൃത്താണെന്ന് അവരെ പഠിപ്പിക്കുക. കുട്ടിക്ക് പഠിക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങൾ പഠിക്കുമ്പോൾ ഈശോയോട് സഹായം ചോദിക്കാൻ അവരെ ശീലിപ്പിക്കുക. സങ്കടങ്ങളിൽ ഈശോയുടെ വാക്കുകൾ അവർക്ക് ആശ്വാസമാകട്ടെ. "എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്തായി 11:28) എന്ന വചനം കേൾക്കുന്ന ഒരു കുട്ടിക്ക് ആ വചനത്തെ അവന്റെ ജീവിതവുമായി ചേർത്ത് മനസ്സിലാക്കാൻ മാതാപിതാക്കളും മുതിർന്നവരും സഹായിക്കണം. ദൈവവചനം കുഞ്ഞുങ്ങൾ പഠിക്കേണ്ടതും മനസ്സിലാക്കേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. തോൽവികളിലും ചെറിയ വീഴ്ചകളിലും തളരാതെ, ഈശോയുടെ വചനത്തിൽ അവർക്ക് ആശ്വാസം കണ്ടെത്താൻ കഴിയണം.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്കു വേണ്ടി പ്രാർഥിക്കട്ടെ" എന്ന ആപ്ത വാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ്. വിശുദ്ധരുടെ സ്നേഹത്തണലിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു. എല്ലാവരേയും സഹായിക്കുവാനും പരിഗണിക്കുവാനും നന്മ ചെയ്യുവാനുമുള്ള പരിശീലനത്തിലൂടെ ക്രിസ്തുവാകുന്ന വെളിച്ചത്തിലേക്ക് അവർ നയിക്കപ്പെടുകയാണ്. സഭയോടൊത്ത് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും യഥാർഥമൂല്യാധിഷ്ഠിത

ജീവിതം നയിക്കുവാനും തിരുബാലസഖ്യം അവരെ സഹായിക്കുന്നു വെന്നത് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ഓരോ കുഞ്ഞും ഈശോയുടെ സ്നേഹം അനുഭവിക്കാനും ആ തണലിൽ വളരാനും അർഹരാണ്. അവരുടെ കുഞ്ഞു ഹൃദയങ്ങളിലെ ചെറിയ വിചാരങ്ങൾപോലും ഈശോയുടെ പക്കൽ സമർപ്പിക്കാൻ നമുക്ക് അവരെ സഹായിക്കാം.

തിരുബാലസഖ്യത്തിലെ പ്രിയ കുട്ടികളേ, നിങ്ങൾ ചെറുതാണെന്ന് വിചാരിക്കരുത്. നിങ്ങൾ ഈശോയുടേയും നമ്മുടെ സഭയുടെയും ഏറ്റവും പ്രിയപ്പെട്ട മക്കളാണ്. ഒരു പ്രാർഥനകൊണ്ട്, ഒരു ചെറിയ ത്യാഗംകൊണ്ട്, ഒരു പുഞ്ചിരികൊണ്ട്, ചെറിയ സഹായം കൊണ്ട് ലോകം മാറ്റാൻ നിങ്ങൾക്ക് കഴിയും. "നീ എന്റെ സ്വന്തമാണ" എന്ന് ഉണ്ണീശോ നിങ്ങളോരോരുത്തരോടും പറയുന്നുണ്ട്. വർണ്ണങ്ങളുടെ ഡിജിറ്റൽ ലോകം നമ്മുടെ മുന്നിലുണ്ടാകാം, പക്ഷേ അതിനേക്കാൾ ആർദ്രമായ സ്നേഹത്തോടെ ഈശോയുടെ വിളിയും കരുതലുമുണ്ട്, അവിടുത്തെ തിരുഹൃദയത്തിൽ നമുക്ക് ഇടവുമുണ്ട്. ഈ വർഷത്തെ തിരുബാലസഖ്യദിനത്തിൽ നിങ്ങൾ വിശ്വാസത്തിൽ ഉറച്ചവരാകട്ടെ, മിഷനറി ചൈതന്യത്തിൽ ജ്വലിക്കുന്നവരാകട്ടെ, ഉണ്ണീശോയുടെ ഹൃദയത്തിനു അനുയോജ്യരാവട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടെ,

**ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ**
ചെയർമാൻ, കെ.സി.ബി.സി

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി

*2026 ഫെബ്രുവരി 8-ാം തീയതി കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കാൻ നൽകിയത്.*



# കച്ചേരിക്കാര്യം

## 1. Appointments

### CML Mekhala Directors

Rev. Fathers

| | | |
|---|---|---|
| Konukunnel John | - | Thamarassery |
| Kadukanmakkel Geo | - | Paroppady |
| Neelamparambil Michael | - | Kodanchery |
| Thattil Davis CMI | - | Perinthalmanna |
| Thittayil Jacob | - | Mariyapuram |
| Thottamattathil Sebastian | - | Koorachundu |
| Thuravakkal Mathew | - | Thiruvambady |
| Vettukallel Joseph | - | Vilangadu |

### KCYM-SMYM Mekhala Directors

Rev. Fathers

| | | |
|---|---|---|
| Koyippurath Jacob | - | Malappuram |
| Malambel Joseph | - | Thiruvambady |
| Pallattu Sebastian | - | Kodanchery |
| Thittayil Jacob | - | Mariyapuram |

## 2. ഇടവകകളിലെ കണക്കുകൾ - Online Submit

ഇടവകകളിലെ കണക്കുകൾ എല്ലാ മാസവും ഓൺലൈൻ ആയി Submit ചെയ്യേണ്ടതാണ്. ഇതുവരെയും Submit ചെയ്യാത്ത ഇടവകകൾ എത്രയുംവേഗം Submit ചെയ്യേണ്ടതാണ്.

## 3. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ട

താണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കണമെന്ന് അറിയിക്കുന്നു.

രൂപതാവിഹിതം ഈ വർഷം ഫൊറോനകേന്ദ്രങ്ങളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയച്ചന്മാർ വഴി അറിയിക്കുന്നതാണ്.

2025-26 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചുതീർക്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

### 4. വി. യൗസേപ്പിതാവിന്റെ വണക്കമാസം

മാർച്ച് മാസം യൗസേപ്പിതാവിന് പ്രത്യേകമായി സമർപ്പിക്കപ്പെട്ടതാണല്ലോ. ദൈവാലയങ്ങളിൽ വി. യൗസേപ്പിതാവിന്റെ നൊവേനയും പ്രാർഥനകളും ചൊല്ലി വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുന്നതിനും, മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ സമുചിതമായി ആചരിക്കുന്നതിനും കുടുംബങ്ങളിൽ വണക്കമാസം ചൊല്ലുന്നതിനും ദൈവജനത്തെ പ്രോത്സാഹിപ്പിക്കുമല്ലോ.

### 5. യേശുനിധി - 2026

നമ്മുടെ ജീവികാരുണ്യ പ്രവർത്തനഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ പതിവനുസരിച്ച് മാർച്ച് 29-ാം തീയതി ഓശാന ഞായറാഴ്ച വി. കുർബാനമധ്യേ സമർപിക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള കവറുകൾ ഫൊറോനകേന്ദ്രങ്ങളിൽ എത്തിക്കും. ഈ കവറുകൾ യഥാസമയം ഭവനങ്ങളിൽ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 6. കുളത്തുവയൽ തീർഥാടനം

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കുളത്തുവയൽ തീർഥാടനം നാൽപ്പതാം വെള്ളിയാഴ്ചയായ മാർച്ച് 27-ാം തീയതി ക്രമീകരിച്ചിരിക്കുന്നു. 2026 മാർച്ച് 26-ാം തീയതി വ്യാഴാഴ്ച രാത്രി 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും

അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന തീർഥാടനം താമരശ്ശേരി രൂപതയുടെ കുടിയേറ്റ തീർഥാടനകേന്ദ്രമായ കുളത്തുവയൽ സെന്റ് ജോർജ് തീർഥാടനകേന്ദ്രത്തിൽ 27-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.30 ന് എത്തിച്ചേരുന്നു. തുടർന്ന് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുന്നതാണ്. നേർച്ചഭക്ഷണവും തിരിച്ച് പോകുന്നതിനായി പ്രധാന കേന്ദ്രങ്ങളിലേക്ക് ബസ്സ് സർവീസും ഒരുക്കിയിട്ടുണ്ട്. സാധിക്കുന്നിടത്തോളം എല്ലാവരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

### 7. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

നോമ്പുകാലത്ത് നടത്തിവരുന്ന വൈദികരുടെ പൊതുമാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും 2026 മാർച്ച് 30-ാം തീയതി തിങ്കളാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ നടത്തുന്നു. രാവിലെ 10 മണിക്കുള്ള മാസധ്യാനത്തെ തുടർന്ന് കുമ്പസാരത്തിനുള്ള സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്. 11.30 ന് അഭിഷേകതൈല വെഞ്ചരിപ്പും വി. കുർബാനയും ആരംഭിക്കുന്നു. ബഹു. വികാരിയച്ചന്മാരോടൊപ്പം സമർപ്പിതരും ഇടവക പ്രതിനിധികളും തിരുക്കർമങ്ങളിൽ പങ്കുചേരേണ്ടതാണ്. പള്ളികളിലേക്ക് കൊണ്ടുപോകുന്നതിനുള്ള അഭിഷേകതൈലവും അവിടെനിന്നുതന്നെ ലഭിക്കും. തിരുക്കർമങ്ങൾ കൃത്യസമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെതന്നെ എത്തിച്ചേരുവാൻ പരിശ്രമിക്കുമല്ലോ.

### 8. ദുഃഖവെള്ളി പിരിവ്

ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച വിശുദ്ധനാടുകളുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കുന്നതിനാൽ രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### 9. FST മീറ്റിംഗ്

മാർച്ച് 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് രൂപതാഭവനിൽ നടത്തപ്പെടുന്നു.

### 10. പ്രോ-ലൈഫ് ദിനാചരണം

മാർച്ച് 22-ാം തീയതി ഞായറാഴ്ച രൂപതയിൽ പ്രോ-ലൈഫ് ദിന

മായി ആചരിക്കുന്നു. അന്നേ ദിവസം വി. കുർബാനമധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച പ്രോ-ലൈഫിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റി വയ്ക്കേണ്ടതാണ്.

### 11. ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ആൺകുട്ടികൾക്കുള്ള ദൈവവിളി ക്യാമ്പ് അൽഫോൻസ മൈനർ സെമിനാരിയിൽ ക്രമീകരിച്ചിരിക്കുന്നു. 2026 ഏപ്രിൽ 6-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 ന് ആരംഭിച്ച് 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ക്യാമ്പ് സമാപിക്കും.

### 12. സ്മരണാഞ്ജലി

| | | |
|---|---|---|
| 13-03-1987 | - | റവ. ഫാ. വർഗീസ് സി.എം.ഐ. |
| 17-03-1991 | - | റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി |
| **24-03-2011** | **-** | **റവ. ഫാ. ജോർജ് പരുത്തപ്പാറ** |
| **26-03-2020** | **-** | **റവ. ഫാ. ജോൺ പനയ്ക്കപ്പിള്ളി** |
| **29-03-2018** | **-** | **റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ** |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# DECREE
## Eparchy of Thamarassery
## Constitution of the XIII Presbyteral Council

Prot. No. 29/26

I, Mar Remigiose Inchananiyil, Bishop of Thamarassery, hereby constitute the XIII Presbyteral Council of Eparchy of Thamarassery consisting of the following members. The duration of this council will be from 1st February 2026 to 31st December 2029.

**President : Mar Remigiose Inchananiyil**
Vice President : Msgr. Abraham Vayalil (Protosyncellus)

Elected Members

1. Fr. Joseph Aranjaniolickal (Sr)
2. Fr. Jose Vadakkedom
3. Fr. Vincent Ezhanikatt
4. Fr. Thomas Kalapurackal
5. Fr. Varghese Kalathoor
6. Fr. Abraham Valloppilly
7. Fr. Jacob Koothur
8. Fr. Jose Karottuzhunnalil
9. Fr. George Kalathoor
10. Fr. Mathew Pulimoottil (Jr)
11. Fr. Kuriakose Palakeel
12. Fr. Danties Kizhukarakattu
13. Fr. Kuriakose Mukala
14. Fr. Joseph Thandaparambil
15. Fr. Mathew Kollamparambil
16. Fr. Joseph Edakkattil

17. Fr. James Vallikkunnel
18. Fr. Thomas Kochumuriyil
19. Fr. Joseph Kiliyamparambil
20. Fr. Peter Poothermannil
21. Fr. George Kumpuckal

Ex-Officio Members

| | | |
|---|---|---|
| 1. | Msgr. Abraham Vayalil | Protosyncellus |
| 2. | Fr. Sebastian Kavalakkattu | Chancellor |
| 3. | Fr. George Mundanattu | Finance Officer |
| 4. | Fr. Thomas Nagaparambil | Consultor |
| 5. | Fr. Mathew Pulimoottil (Sr) | Consultor |
| 6. | Fr. James Vamattathil | Consultor |
| 7. | Fr. John Oravumkara | Consultor |
| 8. | Fr. Johnson Kocheelath | Consultor |
| 9. | Fr. Sebastian Purayidathil | Consultor |
| 10. | Fr. Kuriakose Thayyil | Consultor |
| 11. | Fr. Joseph Palakkatt | Consultor |
| 12. | Fr. Antony Varakil | Eparchial Judge |
| 13. | Fr. Kurian Thannickal | Rector, Minor Seminary |
| 14. | Fr. Biju John Vellakkada CMI | Provincial Superior, CMI |
| 15. | Fr. Johnson Varakaparambil CST | Provincial Superior, CST |
| 16. | Fr. Mathew Thekkemuryil MCBS | Provincial Superior, MCBS |
| 17. | Fr. Thomas Chilampikunnel | Proto-Presbyter |
| 18. | Fr. Francis Vellamackal | Proto-Presbyter |
| 19. | Fr. Antony Karikunnel | Proto-Presbyter |
| 20. | Fr. Antony Chennikkara | Proto-Presbyter |
| 21. | Fr. Sebastian Karakkattu | Proto-Presbyter |
| 22. | Fr. Kuriakose Iykolambil | Proto-Presbyter |
| 23. | Fr. Simon Kizhakkekunnel | Proto-Presbyter |
| 24. | Fr. Vincent Kandathil | Proto-Presbyter |
| 25. | Fr. John Moolayil | Proto-Presbyter |

| | | |
|---|---|---|
| 26. | Fr. Wilson Muttathukunnel | Proto-Presbyter |
| 27. | Fr. George Kalappurackal | Proto-Presbyter |
| 28. | Fr. Thomas Kalarickal | Rector, Kulathuvayal |
| 29. | Fr. Joseph Thekkumkattil | Director, PMOC |
| 30. | Fr. Thomas Parankulangara | Director, COD |
| 31. | Fr. John Pallickavayalil | Director, Catechism |
| 32. | Fr. Varghese Panackal | Director, SMM |
| 33. | Fr. Roni Paul Kavil | Director, Bethania |
| 34. | Fr. Mathew Thekkekaramattathil | Director, KCYM-SMYM |
| 35. | Fr. Jose Pennaparambil | Director, Pro-Life |
| 36. | Fr. Kurian Puramadom | Director, John Paul II |
| 37. | Fr. Chacko Mundackal | Director, Communication |
| 38. | Fr. George Karintholil | Director, SMART |
| 39. | Fr. Kurian Thalachirakuzhiyil | Director, OASIS |
| 40. | Fr. Joseph Pulichamakkal | Director, ALPHA |
| 41. | Fr. Sebastian Pattassery | Director, Vianney Home |
| 42. | Fr. Abraham Srambickal | Director, Bible Apostolate |
| 43. | Fr. Mathew Kulathingal | Director, Pain & Palliative |
| 44. | Fr. Jacob Kizhakkeveettil | Director, START |
| 45. | Fr. Scaria Mangarayil | Manager, Alphonsa College |
| 46. | Fr. Augustine Machukuzhiyil | Director, Tem. Movement |
| 47. | Fr. George Vellaramkalayil | Director, CML |
| 48. | Fr. Mathew Thoomullil | Director, AKCC |
| 49. | Fr. Dominic Kuzhivelil | Director, Ren. Movement |
| 50. | Fr. Sebastian Chempukandathil | Manager, Alphonsa School |
| 51. | Fr. Jacob Puthenpurackal | RM, Deepika |
| 52. | Fr. George Vellackakudiyil | Director, AIDER Edu-Care |

Religious Members

1. Fr. Jacob Kazhukanolickal CMI
2. Fr. James Azhakedath VC

Nominated Members

1. Fr. Abraham Kavilpurayidathil
2. Fr. Joseph Kalarickal
3. Fr. Johnson Nandalath
4. Fr. Jacob Areethara
5. Fr. Kurian Cherusseril

Given from the Eparchial Curia on 30th January 2026.

✠ **Remigiose Inchananiyil**
Bishop of Thamarassery

## മനസ്സമ്മതത്തിനുമുൻപായി വിവാഹം വിളിച്ചു ചൊല്ലാനുള്ള അനുമതിയും സിവിൽ രജിസ്ട്രേഷൻ നടത്തിയ വിവാഹം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നവിധവും

(സംക്ഷിപ്തമായി) Prot. No. 0102/2026

**1. മനസ്സമ്മതത്തിനുമുൻപായി വിവാഹം വിളിച്ചുചൊല്ലാൻ അനുമതി നല്കാനുള്ള നടപടിക്രമം.**

മനസ്സമ്മതത്തിനു മുൻപായി വിവാഹപരസ്യം ആരംഭിക്കുന്നതിനുള്ള അനുമതി, വധുവിന്റെയും വരന്റെയും ഇടവക വികാരിമാർ സംയുക്തമായാണ് നല്കേണ്ടത്. അതിനായി ഭാവി വധുവരന്മാർ സംയുക്തമായി അപേക്ഷ നല്കണം. സീറോമലബാർസഭയുടെ പ്രത്യേക നിയമം ആർട്ടി. 163 § 2 ഭേദഗതി ചെയ്തു കൊണ്ടുള്ള മേജർ ആർച്ചുബിഷപ്പിന്റെ ഡിക്രിവഴിയാണ് (Prot. No. 0084/2026) ഇതു സംബന്ധിച്ച പുതിയ നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്നത്.

മനസ്സമ്മതത്തിനുമുൻപു വിവാഹപരസ്യം ആരംഭിക്കുകയും വിവാഹത്തിനുമുൻപു മൂന്നു പ്രാവശ്യം പൂർത്തിയാക്കുകയും ചെയ്യുന്നതിനാണ് അനുമതിനല്കുന്നത്. ഇപ്രകാരം അനുമതി ലഭിക്കുന്നതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ താഴെക്കൊടുക്കുന്നു:

1. ഈ അനുവാദം ആർക്കാണോ ആവശ്യമായിരിക്കുന്നത്, ആ വ്യക്തിയാണ് (ഒന്നാം കക്ഷി) അനുവാദത്തിനുള്ള നടപടിക്രമം ആരംഭിക്കേണ്ടത്. ഇതിനായുള്ള ഫോറം പൂരിപ്പിച്ചു കക്ഷികളുടെയും അവരുടെ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷിതാക്കൾ എന്നിവരുടെയും ഒപ്പോടുകൂടെ ഒന്നാം കക്ഷി തന്റെ ഇടവക വികാരിക്ക് (ഒന്നാം വികാരി) സമർപ്പിക്കുന്നു.

2. അപേക്ഷാഫോറത്തിൽ ഒപ്പിടാനുള്ള ആരെങ്കിലും സ്ഥലത്തില്ലാത്ത സാഹചര്യം വന്നാൽ സമയത്തിന്റെ കുറവുണ്ടെങ്കിൽ അവർക്കു ഒപ്പിടുന്നതിനായി അപേക്ഷ സ്കാൻചെയ്തു അയച്ചുകൊടുക്കുകയും അവർ ഒപ്പിട്ടു സ്കാൻചെയ്തു

തിരിച്ചയക്കുന്ന അപേക്ഷ ഒന്നാം കക്ഷി ഒന്നാം വികാരിക്കു നല്കുകയും ചെയ്യുന്നു.

3. അപേക്ഷ ലഭിച്ചാലുടൻ, ഒന്നാം വികാരി ഫോറം പരിശോധിച്ച് അതിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വിവാഹം വിളിക്കുചൊല്ലേണ്ട തീയതികൾ അപേക്ഷകരോട് ആലോചിച്ചു നിശ്ചയിക്കുകയും ചെയ്യുന്നു. അതിനുശേഷം, അദ്ദേഹം ഫോറത്തിൽ ഒപ്പിട്ട് പള്ളിയുടെ സീലും വച്ച് ഒന്നാം കക്ഷി വഴി രണ്ടാം കക്ഷിയുടെ വികാരിക്കു (രണ്ടാം വികാരി) കൈമാറേണ്ടതാണ്.

4. ഒന്നാം വികാരി ഒപ്പിട്ട അപേക്ഷാഫോറം ലഭിക്കുന്ന മുറയ്ക്കു രണ്ടാം വികാരി അപേക്ഷാഫോറത്തിൽ തന്റെ സമ്മതം രേഖപ്പെടുത്തി ഒപ്പിട്ടു സീൽവയ്ക്കുന്നതോടെ അനുവാദം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നു. രണ്ടാം വികാരി ഈ അനുമതിയുടെ ഒരു പകർപ്പ് ഇടവകരേഖകളിൽ സൂക്ഷിക്കേണ്ടതും അനുമതിയുടെ അസൽ രണ്ടാം കക്ഷി മുഖേന ഒന്നാം വികാരിക്കു നല്കേണ്ടതുമാണ്.

5. ഈ നടപടികൾ പൂർത്തിയാകുമ്പോൾ അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ വിവാഹത്തിന്റെ വിളിച്ചുചൊല്ലൽ രണ്ട് ഇടവകകളിലും ആരംഭിക്കേണ്ടതാണ്.

## 2. സിവിൽ രജിസ്ട്രേഷൻ നടത്തിയതിനുശേഷം പള്ളിയിൽ വിവാഹം നടത്തുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന വിധം

കുടുംബവിസ ലഭിക്കുന്നതിനായിമാത്രം, ബന്ധപ്പെട്ട രൂപതാധ്യക്ഷന്റെ മുൻകൂർ അനുമതിയോടെ ദൈവാലയത്തിൽവച്ചു വിവാഹം പരികർമം ചെയ്യുന്നതിനുമുൻപ് സിവിൽ രജിസ്ട്രേഷൻ നടത്താൻ 2023 സെപ്റ്റംബർ 21ലെ മേജർ ആർച്ചുബിഷപ്പിന്റെ ഡിക്രി വഴി (Prot. No. 1007/2023) അനുമതി നല്കിയിരുന്നു.


ഇത്തരത്തിൽ ആദ്യം സിവിൽ രജിസ്ട്രേഷൻ നടത്തിയ വിവാഹങ്ങൾ പിന്നിടു പള്ളിയിൽ കൂദാശാപരമായി നടത്തുമ്പോൾ, ഇടവകയിലെ വിവാഹ രജിസ്റ്ററിൽ ഏതു തീയതിയാണ് രേഖപ്പെടുത്തേണ്ടത് (സിവിൽ രജിസ്ട്രഷൻ തീയതിയോ അതോ പള്ളിയിലെ

വിവാഹത്തിന്റെ തീയതിയോ) എന്നതിനെക്കുറിച്ചു പലരും വ്യക്തത തേടുകയുണ്ടായി. ഇക്കാര്യത്തിൽ മെത്രാൻസിനഡു വ്യക്തത നല്കിയിരിക്കുന്നത് ഇനി പറയുംപ്രകാരമാണ്. ഇത്തരം എല്ലാ വിവാഹങ്ങളിലും, പള്ളിയിൽ വിവാഹം കൂദാശാപരമായി നടത്തിയ തീയതി മാത്രമാണ് വിവാഹ രജിസ്റ്ററിൽ വിവാഹതീയതി യായി രേഖപ്പെടുത്തേണ്ടത്. മുൻകൂട്ടി നടത്തിയ സിവിൽ രജിസ് ട്രേഷൻ തീയതി രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും.

അതുപോലെതന്നെ, ഇടവക വികാരിമാർ വിവാഹ സർട്ടിഫിക്കറ്റു കൾ നല്കുമ്പോൾ പള്ളിയിൽ കൂദാശാപരമായി നടത്തിയ വിവാ ഹത്തിന്റെ തീയതി മാത്രമേ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താവൂ എന്നും സിവിൽ രജിസ്ട്രേഷൻ തീയതി ഉൾപ്പെടുത്തിയുള്ള സർട്ടി ഫിക്കറ്റ് നല്കാൻ പാടില്ല എന്നും പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ നടത്തുന്ന കൂദാശാപരമായ വിവാഹങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് കൊടുക്കേണ്ടതുമില്ല.

*സീറോമലബാർസഭയുടെ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽനിന്നു മേജർ ആർച്ചുബിഷപ്പിന്റെ നിർദേശപ്രകാരം 2026 ഫെബ്രുവരി മാസം 20 ന് നല്കുന്നത്.*

**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**
മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ



# ആദരാഞ്ജലികൾ

**സി. അനിറ്റ് എസ്.എച്ച്.**



ദൈവവിളിയാൽ പരിപുഷ്ടമായ പാലാ രൂപതയിലെ ഭരണങ്ങാനം ഇടവകയിൽ കാനാട്ട് അബ്രാഹം - മേരി ദമ്പതികളുടെ 9 മക്കളിൽ മൂന്നാമത്തെ പുത്രിയായി 1942 സെപ്റ്റംബർ ഒന്നിന് സി. അനിറ്റ് കാനാട്ട് എസ്എച്ച് ഭൂജാതയായി. കുടിയേറ്റകാലത്ത് മാതാപിതാക്കൾ മലബാറിലെ, താമരശ്ശേരി രൂപതയിൽ കല്ലാനോട് ഇടവകയിൽ കുടിയേറി പാർത്തു. സെന്റ് മേരീസ് എൽപി സ്കൂൾ കല്ലാനോട്, സെന്റ് ജോർജ് ഹൈസ്കൂൾ കുളത്തുവയൽ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തിരുഹൃദയ സന്യാസിനി സമൂഹത്തിൽ അർത്ഥിനിയായി ചേർന്ന് 1965 മെയ് എട്ടാം തീയതി ആദ്യ വ്രതവാഗ്ദാനവും 1969 മെയ് എട്ടാം തീയതി നിത്യവ്രതവാഗ്ദാനവും നടത്തി, തിരുഹൃദയനാഥന്റെ സ്വന്തമായി.

ആഴമായ ദൈവാശ്രയബോധം, പ്രാർഥനാചൈതന്യം, ശാന്തവും പക്വവുമായ പെരുമാറ്റം എന്നിവയെല്ലാം സി. അനിറ്റിന്റെ ജീവിത സവിശേഷതകളാണ്. കുറ്റിപ്പുറം, ചെമ്പുകടവ്, ചാത്തൻതോട്ടം, കരിയാത്തുംപാറ എന്നിവിടങ്ങളിൽ സുപ്പീരിയറായും, പുലികുരുമ്പ, കൊളക്കാട്, കല്ലാനോട്, കുളത്തുവയൽ, പോരൂർ, കട്ടിപ്പാറ, മാങ്ങോട്, വായാട്ടുപറമ്പ്, കല്ലുരുട്ടി, തലയാട്, കാറ്റുള്ളമല, അമലാപുരി, കുളിരാമുട്ടി, പശുക്കടവ്, കൂരാച്ചുണ്ട്, ഓൾഡേജ് ഹോം, സാന്തോം ഭവൻ എന്നിവിടങ്ങളിൽ ഭവനാംഗമായും സേവനമനുഷ്ഠിച്ചു. സിസ്റ്റർ തന്റെ അധ്യാപന വൃത്തിയിലൂടെ അനേകം കുഞ്ഞുങ്ങളിൽ അക്ഷരവെളിച്ചം പകർന്നുകൊടുത്ത, സഹനത്തിന്റെ ചൂളയിൽ ശുദ്ധീകരിക്കപ്പെട്ട ഈ ആത്മാവ് 2026 ഫെബ്രുവരി 5 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 83 വർഷത്തെ അതിവിശിഷ്ടവുമായ ജീവിതത്തിനു ശേഷം നിത്യതയിലേക്ക് യാത്രയായ സിസ്റ്റർ അനിറ്റിന്റെ പാവനസ്മരണയ്ക്ക് മുൻപിൽ സ്നേഹപ്രണാമം.

# വിശ്വാസപരിശീലനം

## Faith @ Home

വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ഒരുക്കിയ Parental Catechesis പ്രോഗ്രാം ഫെബ്രുവരി 7 ശനിയാഴ്ച മരഞ്ചാട്ടി ഇടവകയിൽ വച്ച് നടന്നു. 75 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു. രൂപത ടീം സെമിനാറിന് നേതൃത്വം നൽകി.

## DOMUS CAT കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാപ്രാർഥനയോടൊപ്പം പ്രാർഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാം.

**ജൂലൈ മാസത്തിൽ നൽകിയത്:**

പാഠം 34 – മാതാപിതാക്കളും & കുട്ടികളുടെ ആത്മരക്ഷയും
പാഠം 35 – മാതാപിതാക്കൾ ദൈവത്തെ കൊടുക്കേണ്ടവർ
പാഠം 36 – ദൈവത്തെ കൊടുക്കുക – ഏറ്റവും വലിയ ദൗത്യം
പാഠം 37 – മക്കൾക്ക് സ്നേഹപൂർവം തിരുത്തലുകൾ നൽകുക

## HCC യൂണിവേഴ്സിറ്റി പരീക്ഷയിലെ റാങ്ക് ജേതാക്കൾ

### HCC I

First Rank : Alka John Kanjirathinkal - Muthappanpuzha
Second Rank : Alphonsa Joy Malapravanal - Koodaranji
Third Rank : Saniya Benny Karimattathil - Chakkittappara

### HCC II

First Rank : Sandra Biju Kolliyil - Kakkadampoil
Second Rank : Saniya George Kadathalakkunnel - Vilangad

Third Rank : Bineetta Binoj Idinjarappillil - Kakkadampoil
: Susanna Sabu Kanjirathingal - East Hill
: Ann Maria Benny Kanjirathingal - Muthukadu

## HCC Say Exam

പരാജിതരായ കുട്ടികൾക്കുവേണ്ടിയുള്ള പരീക്ഷ ഫെബ്രുവരി 23 ഞായറാഴ്ച 11 am മുതൽ 1 pm വരെ വിവിധ മേഖല കേന്ദ്രങ്ങളിൽ നടന്നു.

## ACC 13, 14, 15 Online Class

**ACC 13 :** "മരണാനന്തര ജീവിതം" എന്ന വിഷയത്തെകുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറ, 'സ്വർഗവും നരഗവും" എന്ന വിഷയത്തെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

**ACC 14 :** "എന്താണ് പ്രാർഥന - കർതൃപ്രാർഥന" എന്ന വിഷയത്തെ കുറിച്ച് ടോമി പെരുവിലങ്ങാട്ട്, "വിശ്വാസവിരുദ്ധ പ്രസ്ഥാനങ്ങളും അവർക്കുള്ള മറുപടിയും" എന്ന വിഷയത്തെകുറിച്ച് ഫാ. കുര്യാക്കോസ് പാലക്കീൽ ക്ലാസ്സ് എടുത്തു.

**ACC 15 :** "ഇതര മതങ്ങളിലെ രക്ഷ ചില ചോദ്യങ്ങൾ", മാനസാന്തരവും നിരന്തരമായ വിശുദ്ധീകരണവും" എന്ന വിഷയങ്ങളെ കുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

**ACC 13, 14, 15** ന്റെ Online ക്ലാസ്സുകൾ, Faith @ Home, കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### മാർച്ച് 2026

| | | |
|---|---|---|
| 01-03-26 ഞായർ | - | നോമ്പുകാലം 3-ാം ഞായർ<br>ASPCT ഇടവകതല എഴുത്തു പരീക്ഷ (പഠന പുസ്തകം: നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം) |
| 07-03-26 ശനി | - | വിശ്വാസോത്സവ അധ്യാപക പഠനശിബിരം (രൂപതാതലം) |
| 08-03-26 ഞായർ | - | നോമ്പുകാലം 4-ാം ഞായർ |

15-03-26 ഞായർ - നോമ്പുകാലം 5-ാം ഞായർ
ASPCT രൂപതാതല Online Exam
19-03-26 വ്യാഴം - വി. യൗസേപ്പിതാവ്
21-03-26 ശനി - വിശ്വാസോത്സവ അധ്യാപക പഠനശിബിരം (മേഖലാതലം)
22-03-26 ഞായർ - നോമ്പുകാലം 6-ാം ഞായർ
ACC 13, 14, 15 ഇടവക സംഗമം
29-03-26 ഞായർ - നോമ്പുകാലം 5-ാം ഞായർ
ഓശാന ഞായർ

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം



# കരുണാഭവൻ

കരുണാഭവനിൽ ശുശ്രൂഷ ചെയ്തിരുന്ന സി. സോഫിയ ഫെബ്രുവരി മാസം സ്ഥലം മാറിപ്പോവുകയും സിസ്റ്ററിന്റെ ശുശ്രൂഷയ്ക്ക് നന്ദി അറിയിക്കുകയും ചെയ്യുന്നു. പുതുതായി കരുണാഭവനിൽ ശുശ്രൂഷയ്ക്കായി എത്തിച്ചേർന്ന സി. ഗ്രേസ് മരിയ്ക്ക് ഹൃദ്യമായ സ്വാഗതം. കരുണാഭവനിലേക്ക് ഫെബ്രുവരി മാസത്തിൽ ഒരു അന്തേവാസി കൂടി കടന്നുവന്നു. വിവിധ ഇടവകകളിൽ നിന്നും സംഘടനകളും കുടുംബകൂട്ടായ്മ അംഗങ്ങളും കരുണാഭവൻ സന്ദർശിക്കുകയും പരിപാടികൾ അവതരിപ്പിക്കുകയും സംഭാവന നൽകുകയും ചെയ്തു. വലിയ നോമ്പിന് ആരംഭം കുറിച്ചുകൊണ്ട് വിഭൂതിയുടെ തിരുക്കർമ്മങ്ങൾക്ക് ഫാ. ബിനോയി ചുനയംമാക്കൽ സി.എം.എഫ് കാർമ്മികത്വം വഹിച്ചു. അൽഫോൻസ സ്കൂൾ താമരശ്ശേരി, കുട്ടികളും അധ്യാപകരും കരുണാഭവൻ സന്ദർശിക്കുകയും പരിപാടികൾ അവതരിപ്പിക്കുകയും സംഭാവന നൽകുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# സെമിനാരി വാർത്തകൾ

### സ്വാഗതം, നന്ദി

മദ്ബഹ ശുശ്രൂഷകരുടെയും (SMART) ദൈവവിളി പ്രോത്സാഹനത്തിന്റെയും (Vocation promotor) പുതിയ ഡയറക്ടറായി ചുമതല ഏറ്റെടുത്ത ഫാ. ജോർജ് കരിന്തോളിൽ അച്ചന് സെമിനാരി കുടുംബത്തിലേക്ക് സ്വാഗതം. ഇതുവരെ ഈ സംഘടനകളിലും സെമിനാരിയിലും സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ഫാ. ജോർജ് കുമ്പുക്കൽ അച്ചൻ സെമിനാരികുടുംബത്തിന് നൽകിയ എല്ലാ പിന്തുണക്കും പ്രത്യേകം നന്ദി.

### പ്രവേശന പരീക്ഷ

ഫെബ്രുവരി 7 ന് മൂന്നാം വർഷ മൈനർ സെമിനാരി വിദ്യാർഥികൾ തങ്ങളുടെ ഫിലോസഫി പഠനത്തിന് ഒരുക്കമായുള്ള മേജർ സെമിനാരി പ്രവേശന പരീക്ഷയിൽ (Common Entrance Test) പങ്കെടുത്തു.

### സന്ദർശനങ്ങൾ

സെമിനാരി നവീകരണത്തിന് സഹകരിച്ച ഫ്രാൻസിലെ L'Œuvre d'Orient പ്രതിനിധികളായ ഡൊമിനിക്കും ഇസബെല്ലയും ഫെബ്രുവരി 8 ന് സെമിനാരി സന്ദർശിക്കുകയും, സെമിനാരി വിദ്യാർഥികളുമായി ധാരാളം സമയം ചെലവഴിക്കുകയും ചെയ്തു.

ഫെബ്രുവരി പന്ത്രണ്ടാം തീയതി അഭിവന്ദ്യ റെമീജിയോസ് പിതാവിനോടൊപ്പം ഇടുക്കി രൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ ജോൺ നെല്ലിക്കുന്നേൽ പിതാവ് സെമിനാരി സന്ദർശിക്കുകയും വൈദിക വിദ്യാർഥികളുമായി സംവദിക്കുകയും ചെയ്തു.

### സൗഹൃദ മത്സരം

ഫെബ്രുവരി പതിനൊന്നാം തീയതി താമരശ്ശേരി രൂപത സ്പോർട്സ്

അക്കാദമി മലബാർ മെഡിക്കൽ കോളേജ് മുടക്കല്ലൂരുമായി ചേർന്ന് സംഘടിപ്പിച്ച ബാസ്ക്കറ്റ്ബോൾ സൗഹൃദ മത്സരം സെമിനാരി ബാസ്ക്കറ്റ്ബോൾ കോർട്ടിൽ നടന്നു.

## ഉല്ലാസയാത്ര

ഫെബ്രുവരി പതിനഞ്ചാം തീയതി ഈ വർഷത്തെ മൈനർ സെമിനാരി വിദ്യാർഥികളുടെ ഉല്ലാസയാത്ര പൂവാറൻതോട് പ്രദേശത്തേക്കാണ് നടത്തിയത്. ഇടവക വികാരി ഫാ. ദീപു വള്ളിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ ബഹു. സിസ്റ്റേഴ്സും വിശ്വാസികളും വേണ്ട ക്രമീകരണങ്ങൾ നടത്തി.

## പഠനാവധി

പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾക്കായി തയാറെടുക്കുന്ന വൈദിക വിദ്യാർഥികൾ പഠനാവധിയുടെ ഭാഗമായി ഫെബ്രുവരി 22 ന് രാവിലെ കുർബാനയോടെ 10 ദിവസത്തേക്ക് തങ്ങളുടെ വീടുകളിലേക്ക് യാത്രയായി.

## മേജർ സെമിനാരിക്കാരുടെ അവധിക്കാല ക്യാമ്പുകൾ

മുൻ വർഷങ്ങളിലേതുപോലെ നമ്മുടെ മേജർ സെമിനാരി വിദ്യാർഥികൾ ഈ വർഷവും അവധിക്കാലങ്ങളിൽ വിവിധ ഇടവകകളിൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. ഇടവകകളിൽ ക്യാമ്പുകൾ നടത്താൻ താല്പര്യമുള്ള ബഹുമാനപ്പെട്ട വികാരിയച്ചൻമാർ സെമിനാരിയുമായി ബന്ധപ്പെടണമെന്ന് അറിയിക്കുന്നു.

## പ്ലസ് വൺ പ്ലസ് ടു പരീക്ഷ

മാർച്ച് അഞ്ചാം തീയതി മുതൽ പ്ലസ് വൺ പ്ലസ് ടു വിദ്യാർഥികളുടെ പരീക്ഷകൾ ആരംഭിക്കുന്നു.

## ദൈവവിളി ക്യാമ്പ്

മൈനർ സെമിനാരിയിൽ, ഈ വർഷത്തെ ദൈവവിളി ക്യാമ്പിലേക്ക് (ഏപ്രിൽ 6,7,8) യോഗ്യരായ വിദ്യാർഥികളെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പറഞ്ഞയക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ വൊക്കേഷൻ ബ്യൂറോ വഴി അറിയിക്കുന്നതാണ്.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, സെന്റ് അൽഫോൻസ മൈനർ സെമിനാരി

# വൊക്കേഷൻ ബ്യൂറോ

**ദൈവവിളി ക്യാമ്പ് (06 ഏപ്രിൽ 2026 – 08 ഏപ്രിൽ 2026)**

തീയതി: 2026 ഏപ്രിൽ 6–ാം തീയതി തിങ്കളാഴ്ച രാവിലെ 10:00 മുതൽ 8–ാം തീയതി ഉച്ചയ്ക്ക് 2:00 വരെ (തിങ്കൾ, ചൊവ്വ, ബുധൻ). ആൺകുട്ടികൾക്കുള്ള ക്യാമ്പ് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നു.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ക്യാമ്പിനു വരുന്നവർ ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹുമാനപ്പെട്ട വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പ് ഫീസ് 600 രൂപ ആയിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ, ഇക്കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
4. മറ്റ് രൂപതകളിലോ സന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.
5. രൂപതയുടെ പുറത്തുള്ള സെമിനാരികളിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി (NOC) വാങ്ങണം.
6. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നമ്മുടെ രൂപത സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.

**ഫാ. ജോർജ് കരിന്തോളിൽ**
ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## സംസ്ഥാന വാർഷിക മാനേജിംഗ് കമ്മറ്റിയും മലബാർ റീജിയണൽ സംഗമവും

2025-26 പ്രവർത്തനവർഷത്തെ സംസ്ഥാന വാർഷിക മാനേജിംഗ് കമ്മറ്റിയും മലബാർ റീജിയണൽ സംഗമവും 2026 ഫെബ്രുവരി 21 ന് രാവിലെ 9 മണി മുതൽ മേരിക്കുന്ന് പിഎംഒസി യിൽ വച്ച് നടത്തപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം നിർവഹിച്ചു. 120 പേർ സംബന്ധിച്ച ഈ യോഗത്തിൽ വച്ച് കഴിഞ്ഞ 8 വർഷത്തോളം സിഎംഎൽ സംഘടനയെ നയിച്ച ശേഷം സ്ഥാനമൊഴിയുന്ന സംസ്ഥാന ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിലിന് ഹൃദ്യമായ യാത്രയയപ്പും നിയുക്ത ഡയറക്ടർ ഫാ. ഷിനോജ് പുന്നയ്ക്കലിന് ഊഷ്മളമായ സ്വീകരണവും നൽകി.

## സ്നേഹകൂടാരം

ചെറുപുഷ്പ മിഷൻലീഗ് താമരശ്ശേരി-കോതമംഗലം രൂപതകൾ സംയുക്തമായി ഫെബ്രുവരി 22 ഞായറാഴ്ച പാറോപ്പടി സെന്റ് ആന്റണീസ് ദൈവാലയത്തിൽ സ്നേഹകൂടാരം പരിപാടി സംഘടിപ്പിച്ചു. സംഘടന ഭാരവാഹികളുടെ നേതൃത്വത്തിൽ കുട്ടികൾക്കായി ലീഡർഷിപ്പ് ക്ലാസുകൾ ആക്ടിവിറ്റീസ് ഗെയിമുകൾ എന്നിവ നടത്തപ്പെട്ടു.

## ഗത്സേമനി നോമ്പുകാല തിരുവചന പ്രാർഥന

50 നോമ്പിലെ എല്ലാ ദിവസവും ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം കുട്ടികളുടെ നേതൃത്വത്തിൽ നോമ്പുകാല തിരുവചന ചിന്തകൾ പങ്കുവച്ചുവരുന്നു.

## റൂഹ 2K26

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകൾക്കായി ഒരുങ്ങുന്ന കുട്ടികളെ പ്രത്യേകം ഓർക്കുകയും ഓരോ ശാഖയിലും 10, +2 പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരുകൾ ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലെ അംഗങ്ങൾക്ക് നൽകി ഈ രണ്ടു മാസം മുഴുവൻ കുട്ടികൾക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

## പ്രേഷിത കൂടാരം

ഫെബ്രുവരി മാസത്തിൽ വടകര ശാഖയിലെ ചെറുപുഷ്പ മിഷൻ ലീഗ്, തിരുബാലസംഖ്യം കുട്ടികൾക്ക് വേണ്ടി പ്രേഷിത കൂടാരം പരിപാടി സംഘടിപ്പിച്ചു.

## നന്ദിയും സ്വാഗതവും

കഴിഞ്ഞ ഒരു വർഷത്തോളം സിഎംഎൽ സംഘടനയുടെ താമരശ്ശേരി, പെരിന്തൽമണ്ണ, കൂരാച്ചുണ്ട്, കോടഞ്ചേരി, പാറോപ്പടി, തിരുവമ്പാടി, വിലങ്ങാട് മേഖലകളുടെ ഡയറക്ടർ അച്ചന്മാരായിരുന്ന ഫാ. മാത്യു മംഗലാമഠത്തിൽ, ഫാ. ബോബി മഴുവഞ്ചേരി, ഫാ. മൈക്കിൾ നീലംപറമ്പിൽ, ഫാ. ജോസഫ് ചിറത്തലയ്ക്കൽ, ഫാ. കുര്യൻ വെളിയത്ത്, ഫാ. ജോസഫ് പന്തപ്ലാക്കൽ, ഫാ. ജേക്കബ് കോയിപ്പുറത്ത് എന്നിവർക്ക് നന്ദിയും പുതിയ ഡയറക്ടർമാരായി നിയുക്തരായ ഫാ. ഡേവിസ് തട്ടിൽ (പെരിന്തൽമണ്ണ മേഖല) ഫാ. ജേക്കബ് തിട്ടയിൽ (മരിയാപുരം മേഖല), ഫാ. മൈക്കിൾ നീലംപറമ്പിൽ (കോടഞ്ചേരി മേഖല) ഫാ. ജോൺ കോനൂകുന്നേൽ (താമരശ്ശേരി മേഖല), ഫാ. ജോസഫ് വെട്ടുകല്ലേൽ (വിലങ്ങാട് മേഖല), ഫാ. സെബാസ്റ്റ്യൻ തോട്ടമറ്റത്തിൽ (കൂരാച്ചുണ്ട് മേഖല) ഫാ. ജിയോ കടുകൻമാക്കൽ (പാറോപ്പടി മേഖല), ഫാ. മാത്യു തുറവക്കൽ (തിരുവമ്പാടി മേഖല) എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും നേരുന്നു.

## അറിയിപ്പുകൾ

**എയ്ഞ്ചൽസ് ധ്യാനം:** ഈ വർഷം ആദ്യകുർബാന സ്വീകരണത്തിനു വേണ്ടി ഒരുങ്ങുന്നവർക്കും ആദ്യകുർബാന സ്വീകരിച്ചവർക്കും 2026 ഏപ്രിൽ 13 തിങ്കൾ നാലുമണി മുതൽ 2026 ഏപ്രിൽ 15 ബുധൻ

നാലുവരെ പുല്ലൂരാംപാറ ബഥാനിയ റിട്രീറ്റ് സെന്ററിൽ എയ്ഞ്ചൽസ് ധ്യാനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 മാർച്ച് 25 ന് മുൻപായി 7902510633 എന്ന നമ്പറിലേയ്ക്ക് 200 രൂപ അടച്ച് ബുക്ക് ചെയ്യേണ്ടതാണ്.

### Grand Masters' Camp 2K26

യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (ലൂക്കാ 2,52)

| | | |
|---|---|---|
| തീയതി | : | 27-04-2026 തിങ്കൾ മുതൽ 29-04-2026 ബുധൻ |
| സമയം | : | 10 am - 04 pm |
| സ്ഥലം | : | PMOC മേരിക്കുന്ന് |
| ക്യാമ്പ് ഫീസ് | : | 1500 രൂപ |

7 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി വിദഗ്ധരായ വ്യക്തികൾ നയിക്കുന്ന ഈ ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ Google Pay വഴി 500 രൂപ അടച്ചു 2026 ഏപ്രിൽ 5 ന് മുമ്പ് ബുക്ക് ചെയ്യുക. ബുക്കിംഗ് നമ്പർ : 7902510633, Google Pay Number : 62825 69192.

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

## യൂദിത്ത് ഫോറം

### തിരുവമ്പാടി മേഖല സംഗമം

താമരശ്ശേരി രൂപത യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ തിരുവമ്പാടി മേഖല സംഗമം ഫെബ്രുവരി 21 ന് തിരുവമ്പാടി ഇൻഫന്റ് ജീസസ് നഴ്സറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷൻ വഹിച്ച സമ്മേളനം തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് മേരി

പൗലോസ് സ്വാഗതം ആശംസിച്ച സമ്മേളനത്തിൽ ഫാ. കുര്യൻ വെളിയത്ത്, സി. റോസ് എസ്.ഡി, ഏലിയാമ്മ ചെറിയാൻ മിനി മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സി. ഗീത സിഎംസി, രൂപത ആനിമേറ്റർ സി. റെനി ജോസ് സിഎംസി, ഫാ. ജോസ് പെണ്ണാപറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**തിരുവമ്പാടി മേഖല യൂദിത്ത് ഫോറം ഭാരവാഹികൾ**

മേഖല ആനിമേറ്റർ - സി. റോസ് എസ്ഡി
പ്രസിഡന്റ് - ഏലിയാമ്മ ചെറിയാൻ
സെക്രട്ടറി - മിനി ടോമി
ട്രഷറർ - ബിൻസി പൂമറ്റത്തിൽ

എക്സിക്യൂട്ടീവ് അംഗങ്ങൾ-മേഴ്സി തച്ചുകുന്നേൽ, ലൈസ കളമ്പുകാട്ട്, സിസിലി മുള്ളനാനി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, യൂദിത്ത് ഫോറം

## ബൈബിൾ അപ്പസ്തോലേറ്റ്

ഒരു വർഷം കൊണ്ട് വിശുദ്ധ ബൈബിൾ വായിക്കാൻ സഹായിക്കുന്ന ദൈവവചന വായനാപദ്ധതിയായ DAILY BREAD 2026, ജനുവരി 01 ന് ആരംഭിച്ച വാട്സ്ആപ്പ് കൂട്ടായ്മയിൽ നാളിതുവരെ 339 പേർ അംഗങ്ങളായിട്ടുണ്ട്. ഓരോ ദിവസവും വായിക്കേണ്ട വചനഭാഗങ്ങൾ നൽകുകയും വാട്സ്ആപ്പ് സ്റ്റാറ്റസ് ഇടാൻ വിധത്തിലുള്ള ദൈവവചന പോസ്റ്ററും പങ്കുവയ്ക്കുന്നു. പഴയനിയമത്തിൽ നിന്നുള്ള വായനകളെ കേന്ദ്രീകരിച്ച് നടത്തുന്ന ഉദ്യമത്തിൽ ഇപ്പോൾ പഞ്ചഗ്രന്ഥിയുടെ വായന പൂർത്തിയായി. ഫെബ്രുവരി 16 മുതൽ നോമ്പുവിചിന്തനങ്ങൾ പോസ്റ്ററായി വൈദിക കൂട്ടായ്മയുടെ വാട്സ്ആപ്പ് ഗ്രൂപ്പ് വഴി പങ്കുവെയ്ക്കുന്നു.

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

# കെ.സി.വൈ.എം.-എസ്.എം.വൈ.എം.

## മേഖലകൾക്ക് പുതിയ ഡയറക്ടർമാർ

കെ.സി.വൈ.എം.-എസ്.എം.വൈ.എം. മേഖലാ യുവജന പ്രസ്ഥാനങ്ങളെ ശക്തമായി മുന്നോട്ട് നയിക്കാൻ നിയുക്തരായിരിക്കുന്ന ഡയറക്ടർ അച്ചന്മാരെ രൂപതാ യുവജന പ്രസ്ഥാനം സ്വാഗതം ചെയ്തു. ഫാ. സെബാസ്റ്റ്യൻ പല്ലാട്ട് (കോടഞ്ചേരി മേഖല), ഫാ. ജോസഫ് മലമ്പേൽ (തിരുവമ്പാടി മേഖല), ഫാ. ജേക്കബ് കോയിപ്പുറത്ത് (മലപ്പുറം മേഖല), ഫാ. റിനു തിട്ടയിൽ (മരിയാപുരം മേഖല) എന്നിവർ പുതിയ ഡയറക്ടർമാരായി നിയമിതരായി.

## മേഖലാ ഡയറക്ടർ അച്ചന്മാർക്ക് നന്ദി

കെ.സി.വൈ.എം.-എസ്.എം.വൈ.എം. മേഖലാ യുവജന പ്രസ്ഥാനങ്ങളെ നാളിതുവരെ ധീരമായി നയിച്ച ഫാ. ജിയോ കടുകൻമാക്കൽ (കോടഞ്ചേരി മേഖല), ഫാ. റിനു തിട്ടയിൽ (തിരുവമ്പാടി മേഖല), ഫാ. നിധിൻ കരിന്തോളിൽ (മലപ്പുറം മേഖല), ഫാ. ക്ലിൻസ് വെട്ടുകല്ലേൽ (മരിയാപുരം മേഖല) എന്നീ ഡയറക്ടറച്ചന്മാർക്ക് രൂപതാ യുവജന പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## കെ. സി. വൈ. എം. സംസ്ഥാന വാർഷിക സെനറ്റ്

തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ സാൻജോസ് മെട്രോപൊളിറ്റൻ സ്കൂളിൽ നടത്തപ്പെട്ട 48-ാമത് കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ കെ.സി.വൈ.എം. താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, പ്രസിഡണ്ട് ആൽബിൻ ജോസ് കാക്കനാട്ട്, ആനിമേറ്റർ സി. റൊസീൻ എസ്.എ.ബി.എസ്. ജനറൽ സെക്രട്ടറി, അബിൻ ആൻഡ്രൂസ് വെമ്പാല, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ റിച്ചാൾഡ് ജോൺ പന്തപ്ലാക്കൽ, ആഗി മരിയ ജോസഫ്

കാനക്കാട്ട്, സംസ്ഥാന സെനറ്റ് അംഗങ്ങളായ അലൻ ബിജു മാലശ്ശേരി, അലോണ ജോൺസൺ എന്നിവർ പങ്കെടുത്തു. രൂപത ജനറൽ സെക്രട്ടറി അബിൻ ആൻഡ്രൂസ് റിപ്പോർട്ട് അവതരണം നടത്തി.

## താമരശ്ശേരി രൂപതയ്ക്ക് ഇത് അഭിമാനം നിമിഷം

കെ.സി.വൈ.എം.-എസ്.എം.വൈ.എം. താമരശ്ശേരി രൂപതാ യുവജന പ്രസ്ഥാനത്തിന്റെ കരുത്തുറ്റ ശബ്ദം ആഗി മരിയ ജോസഫ് കാനക്കാട്ട് സംസ്ഥാന നേതൃത്വത്തിലേക്ക്. 2026 പ്രവർത്തന വർഷത്തെ കെ.സി.വൈ.എം സംസ്ഥാന ഉപാധ്യക്ഷ (വൈസ് പ്രസിഡന്റ്) ആയി മലപ്പുറം ഇടവകയിൽ നിന്നുമുള്ള ആഗി മരിയ ജോസഫ് തെരഞ്ഞെടുക്കപ്പെട്ടു.

സംസ്ഥാന നിയമാവലി പരിഷ്കരണ കമ്മിറ്റിയിലേക്ക് സീറോ മലബാർസഭാ പ്രതിനിധിയായി മുൻ താമരശ്ശേരി രൂപത കെ.സി.വൈ.എം.-എസ്.എം.വൈ.എം. പ്രസിഡണ്ട് റിച്ചാർഡ് ജോൺ പന്തപ്ലാക്കലിനെയും തെരഞ്ഞെടുത്തു.

## എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വപഠനശിബിരവും കർമ്മപദ്ധതി പ്രകാശനവും

ഫെബ്രുവരി 21, 22 (ശനി, ഞായർ) ദിവസങ്ങളിലായി ബഥാനിയ റിന്യൂവൽ സെന്ററിൽ വച്ച് 2026 വർഷത്തെ കെ.സി.വൈ.എം. -എസ്.എം.വൈ.എം. താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വപഠനശിബിരം നടത്തപ്പെട്ടു. മുൻ രൂപത ഡയറക്ടറും, നിലവിലെ താമരശ്ശേരി മേഖല ഡയറക്ടറുമായ ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ കർമ്മപദ്ധതി 'ഒപ്പം' ഉദ്ഘാടനം ചെയ്ത് ക്ലാസുകൾ നയിച്ചു. രൂപതാ പ്രസിഡന്റ് ആൽബിൻ ജോസ് കാക്കനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, ആനിമേറ്റർ സി. റോസീൻ എസ്. എ.ബി.എസ്., ജനറൽ സെക്രട്ടറി അബിൻ വെമ്പാല എന്നിവർ സന്നിഹിതരായിരുന്നു. 28 ഓളം എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്ത ക്യാമ്പിൽ ബഥാനിയ ഡയ്റക്ടർ ഫാ. റോണി പോൾ കാവിൽ, കെ.സി.വൈ.എം. അസിസ്റ്റന്റ് ഡയ്റക്ടർ ഫാ. സബിൻ തൂമുള്ളിൽ

എന്നിവർ യുവജനങ്ങൾക്കായി ക്ലാസുകൾ നടത്തി. സംഘടനാ ചർച്ച, പ്രവർത്തനവർഷ ഉത്തരവാദിത്തങ്ങൾ, കർമ്മപദ്ധതി അവലോകനം എന്നിവയുണ്ടായിരുന്നു. വി. കുർബാന, കുമ്പസാരം, ആരാധന എന്നിവക്ക് ശേഷം വൈകുന്നേരത്തോടെ പഠനശിബിരം അവസാനിപ്പിച്ചു.

## ഐകോണിക്സ് 7

നോമ്പുകാലത്തെ 7 ആഴ്ചകളും നോമ്പിന്റെ ചൈതന്യത്തിൽ നിറയപ്പെടുന്നതിനായി ഐകോണിക്സ് 7 എന്ന പ്രോഗ്രാം ആരംഭിച്ചു. ഓരോ ആഴ്ചയും യൂണിറ്റ് തലത്തിൽ വ്യത്യസ്ത പരിപാടികൾ ആസൂത്രണം ചെയ്ത് യുവജനങ്ങളെ നോമ്പിന്റെ ചൈതന്യത്തിൽ ഒരുമിച്ചു കൂട്ടുന്നതിനും നോമ്പുകാലം അനുഗ്രഹ പ്രദമാക്കുന്നതിനും പ്രോഗ്രാം സഹായിച്ചുകൊണ്ടിരിക്കുന്നു.

## GODFIDENCE (ഗോഡ്ഫിഡൻസ്)

ഗോഡ്ഫിഡൻസ് എന്ന പേരിൽ ഇടവക തലത്തിൽ 10, 11, 12 ക്ലാസിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ആരാധനയും, പ്രാർഥനയും ഇടവക തലങ്ങളിൽ നടത്തപ്പെടുവാനായി ആഹ്വാനം ചെയ്യുകയുണ്ടായി.

## കെ.സി.വൈ.എം സംസ്ഥാന യൂത്ത് അസംബ്ലി

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ 2026 ജനുവരി 24, 25, 26 ദിവസങ്ങളിലായി യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, പാലക്കാടുവച്ച് നടത്തപ്പെട്ട യൂത്ത് അസംബ്ലിയിൽ കെ.സി.വൈ.എം.-എസ്.എം.വൈ.എം. താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് രൂപത അനിമേറ്റർ സി. റോസീൻ എസ്.എ.ബി.എസ് പങ്കെടുത്തു.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെ.സി.വൈ.എം.-എസ്.എം.വൈ.എം.

# കത്തോലിക്ക കോൺഗ്രസ്

## സമുദായ ശക്തീകരണ വർഷം 2026

2026 സമുദായ ശക്തീകരണ വർഷത്തിൽ താമരശ്ശേരി രൂപതയിലെ മുഴുവൻ ഇടവകകളിലും കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തിരുവമ്പാടി, കോടഞ്ചേരി, കൂരാച്ചുണ്ട്, തോട്ടുമുക്കം, താമരശ്ശേരി, മരുതോങ്കര, പെരിന്തൽമണ്ണ, മരിയാപുരം, മലപ്പുറം എന്നീ ഫൊറോനകളിൽ ഫൊറോന സംഗമങ്ങൾ ചേർന്ന് സമുദായ ശക്തീകരണ വർഷ പ്രവർത്തനങ്ങൾ വിലയിരുത്തി. രൂപതയിലെ മുഴുവൻ ഇടവകകളിലും യൂണിറ്റുകൾ, ഹോപ്പ് ഡെസ്ക്, ബിസിനസ് ഫോറം എന്നിവയുടെ രൂപീകരണം, നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ആവശ്യമായ ഫണ്ടുകളുടെ സമാഹരണം തുടങ്ങിയ അജണ്ടകൾ ചർച്ച ചെയ്തു.

## 108-ാമത് ജന്മവാർഷികം

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 108-ാമത് ജന്മവാർഷികം മാർച്ച് 13, 14 തീയതികളിൽ കണ്ണൂരിൽ നടക്കും. സമ്മേളനത്തിൽ ഒരു ലക്ഷം പേർ പങ്കെടുക്കും. താമരശ്ശേരി രൂപതയിൽ നിന്ന് ആയിരം പേരാണ് പങ്കെടുക്കേണ്ടതാണ്. മാർച്ച് 13 ന് പാലക്കാടുനിന്നും ആരംഭിക്കുന്ന പതാക പ്രയാണം താമരശ്ശേരി വഴി കണ്ണൂർ സമ്മേളന നഗരിയിൽ 5.30 pm എത്തിച്ചേരും. ഏവരുടെയും പ്രത്യേക സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, കത്തോലിക്ക കോൺഗ്രസ്

# പ്രവാസി അപ്പസ്തോലേറ്റ്

താമരശ്ശേരി രൂപതയുടെ പ്രവാസി അപ്പസ്തോലേറ്റ് ഖത്തർ ചാപ്റ്ററിന്റെ നാലാമത്തെ ഫാമിലി മീറ്റ് 12-02-2026 വെള്ളിയാഴ്ച ഭംഗിയായി നടന്നു. കുട്ടികൾ അടക്കം 110 വ്യക്തികൾ പങ്കെടുത്തു. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിവിധ ഗെയിമുകൾ, പാട്ട്, കുസൃതി ചോദ്യങ്ങൾ, സർപ്രൈസ് ഗിഫ്റ്റുകൾ, തട്ടുകട, വിഭവ സമൃദ്ധമായ ഡിന്നർ, ലേലം വിളി ഒക്കെയായി പങ്കെടുത്ത എല്ലാവർക്കും പുതിയൊരു അനുഭവമായിരുന്നു. അന്തരിച്ച കുമ്പാറ ബേബി ചേട്ടന് ആദരാഞ്ജലികൾ അർപ്പിച്ച്, പ്രാർഥനയോടെ തുടങ്ങിയ യോഗത്തിന് റീബ സോജൻ സ്വാഗതം പറഞ്ഞു. ഖത്തർ കോർഡിനേറ്റർ സിജോ കുന്നേൽ, കൂട്ടായ്മയിലുള്ള 122 കുടുംബങ്ങളെ ഫൊറോന അടിസ്ഥാനത്തിൽ അവതരിപ്പിക്കുകയും, ഫൊറോന പ്രതിനിധികൾ അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു. ഷൈജു, സൗബിൻ, സോളി സണ്ണി, അഞ്ചു, നവീൻ, സീനു, രാജ് എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിവിധ ഗെയിമുകൾ സംഘടിപ്പിക്കുകയും മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പിനോജ്, പ്രദീഷ്, റോജിൻ, ക്രിസ്റ്റോ, ജിന്റോ, ജോബിഷ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന തട്ടുകട പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ അനുഭവമായി.

പ്രവാസികൾക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ ബിജോയ് വർഗീസ് പരിചയപ്പെടുത്തി. സോജന്റെ നേതൃത്വത്തിൽ ആവേശകരമായ ലേലം വിളിയും നടന്നു. സമ്മേളനത്തിന് അഞ്ജു രാജ് നന്ദി അർപ്പിക്കുകയും വിഭവസമൃദ്ധമായ ഡിന്നറോടെ യോഗം സമാപിക്കുകയും ചെയ്തു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പ്രവാസി അപ്പസ്തോലേറ്റ്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺ ലൈൻ ആയും, നടക്കുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവും ജെപിഐയിൽ ലഭ്യമാണ്.

## കോഴ്സുകൾ

1. എം. എസ്സി. ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം. എസ്. സി. ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ)

## അറിയിപ്പ്

1. ആത്മഹത്യയും ഡിപ്രെഷനും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാനും അവരെ സഹായിക്കുവാനും പ്രവർത്തനസജ്ജമായ 'ഹോപ്പ് ലൈൻ' എന്ന എമർജൻസി ഹെൽപ് ലൈൻ പ്രവർത്തിച്ചു വരുന്നു. സംസാരിക്കുന്നതിനായി രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 0495-3523636 നമ്പറിൽ ബന്ധപ്പെടുക.
2. മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ 2026 - 2028 ബാച്ച് (ഓഫ് ലൈൻ / ഓൺ ലൈൻ) ക്ലാസുകളിലേക്കുള്ള അഡ്മിഷൻ പുരോഗമിക്കുന്നു. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഈ നമ്പറിൽ 9447229495 ബന്ധപ്പെടുക.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# എയ്ഡർ എഡ്യുകെയർ

## സിവിൽ, അഡ്മിനിസ്ട്രേറ്റീവ് സർവീസ് – സെലക്ഷൻ പരീക്ഷ

രൂപതയിലെ 6, 7, 8, 9 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായി പ്രിലിമിനറി പരീക്ഷ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 28 ശനിയാഴ്ച വൈകിട്ട് 8 മുതൽ 9 വരെ ഓൺലൈൻ ആയി നടത്തുന്ന പരീക്ഷയിൽ പ്രസ്തുത ക്ലാസുകളിലെ എല്ലാ കുട്ടികളും നിർബന്ധ മായി പങ്കെടുക്കേണ്ടതാണ്. റൈസ് ടു ഐ എ എസ് സിവിൽ സർവീസ് ഫോർമേഷൻ, ഏപ്രിൽ മാസം 20, 21, 22 തീയതികളിൽ നടക്കുന്ന Adminex 2026 അഡ്മിനിസ്ട്രേഷൻ രംഗത്തേക്കുള്ള കുട്ടികളുടെ മൂന്നുദിന ക്യാമ്പ്, സെൻട്രൽ യൂണിവേഴ്സിറ്റികളിൽ ഡിഗ്രി പഠനം ആഗ്രഹിക്കുന്ന കുട്ടികൾക്കുള്ള കോച്ചിംഗ്, അഞ്ചുവർഷ ത്തെ സിവിൽ സർവീസ് ഫൗണ്ടേഷൻ കോച്ചിംഗ്, പ്രോജക്ട് ജെംസ് (അഞ്ചു വർഷത്തെ ഫൗണ്ടേഷൻ കോച്ചിങ്) പി എസ് യു – പി എസ് സി കേന്ദ്ര ഗവൺമെന്റ് ജോലികളിലേക്ക് ആഗ്രഹിക്കുന്ന കുട്ടികൾക്കുള്ള വിവിധ കോച്ചിംഗ് എന്നിവയ്ക്കായുള്ള സെലക്ഷൻ പരീക്ഷ കൂടിയാണ് ഇത്. മികച്ച മാർക്ക് നേടുന്ന തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ വിവിധതരത്തിൽ ക്യാമ്പുകൾ, കോച്ചിങ്ങുകൾ, പ്രോത്സാഹന സമ്മാനങ്ങൾ എന്നിവ നൽകി സഹായിക്കുന്നതാണ്. പത്ത്, പ്ലസ് വൺ, പ്ലസ് ടു ക്ലാസിലെ കുട്ടികൾക്കുള്ള മേൽപ്പറഞ്ഞ പരീക്ഷ ഏപ്രിൽ ആദ്യവാരം നടക്കും.

## Adminex 2026

കേന്ദ്ര ഗവൺമെന്റ് ജോലികൾ, സ്റ്റേറ്റ് ഗവൺമെന്റ് ജോലികൾ, സിവിൽ & അഡ്മിനിസ്ട്രേറ്റീവ് സർവീസ് സെക്ടറുകൾ എന്നിവയിൽ താൽപര്യവും പ്രാഗല്ഭ്യവും ഉള്ള കുട്ടികൾക്ക് ഏപ്രിൽ മാസം 20, 21, 22 തീയതികളിലായി കോഴിക്കോട് വെള്ളിമാടുകുന്ന് പി എം ഒ

സിയിൽ വച്ച് മൂന്ന് ദിവസത്തെ കരിയർ ബിൽഡിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഗവൺമെന്റ് - സിവിൽ സർവീസ്, അഡ്മിനിസ്ട്രേറ്റീവ് സർവീസ് തസ്തികളിലേക്ക് നമ്മുടെ കുട്ടികളെ എത്തിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രാഥമിക പരിശീലന കളരിയാണിത്. മോട്ടിവേഷൻ, സ്കിൽ അസ്സെസ്മെന്റ് ഗവൺമെന്റ് ജോലികൾക്കായുള്ള രജിസ്ട്രേഷൻ ഫോർമാലിറ്റീസ് എൻട്രൻസ് പരീക്ഷകൾ പ്രസ്തുത പദവികൾ നേടിയെടുക്കാനുള്ള വിവിധ മാർഗങ്ങൾ എന്നിവ സംബന്ധിച്ചാണ് പരിശീലനം ക്രമീകരിച്ചിട്ടുള്ളത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 കുട്ടികൾക്കാണ് അവസരം. സെലക്ഷൻ പരീക്ഷയിൽ മികച്ച മാർക്ക് നേടുന്നവർക്ക് ഫീസ് ഇളവോടുകൂടെ ക്യാമ്പിൽ പങ്കെടുക്കാവുന്നതുമാണ്.

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

# സ്റ്റാർട്ട്

**മോൺ. ആന്റണി കൊഴുവനാൽ സംസ്ഥാനതല പ്രസംഗ മത്സരം**

സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിംഗ് (START) സംഘടിപ്പിച്ച മോൺ. ആന്റണി കൊഴുവനാൽ സ്മാരക രണ്ടാം പതിപ്പ് സംസ്ഥാനതല പ്രസംഗ മത്സരത്തിൽ സീനിയർ വിഭാഗത്തിൽ എസ്തർ ക്രിസ്റ്റി ടോമും (പടത്തുകടവ്, താമരശ്ശേരി രൂപത) ജൂനിയർ വിഭാഗത്തിൽ മേധാ ഷൈജനും (ചക്കിട്ടപ്പാറ, താമരശ്ശേരി രൂപത) ഒന്നാം സ്ഥാനം കരസ്ഥമാക്കി.

2025 ഡിസംബറിൽ നടന്ന പ്രാഥമിക റൗണ്ടിൽ പങ്കെടുത്ത നൂറുകണക്കിന് മത്സരാർത്ഥികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മികച്ച

20 പേരാണ് ശനിയാഴ്ച നടന്ന ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരച്ചത്. താമരശ്ശേരി രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. രണ്ട് വിഭാഗങ്ങളിലായി നടന്ന മത്സരങ്ങളിൽ ഓരോ തലത്തിലും ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 15,000, 10,000, 5,000 രൂപ വീതം ക്യാഷ് അവാർഡും മെമെന്റോയും സമ്മാനിച്ചു.

സീനിയർ വിഭാഗത്തിൽ (വിഷയം: വിദേശ കുടിയേറ്റവും പഠനവും: പ്രതീക്ഷയും പ്രതിസന്ധിയും.) ബ്രദർ സെബിൻ മാരനാട്ട് (ഇടുക്കി രൂപത, ആലുവ മംഗലപ്പുഴ സെമിനാരി) രണ്ടാം സ്ഥാനവും ആൻസി വി.എ. (ഒണ്ടയങ്ങാടി, മാനന്തവാടി രൂപത) മൂന്നാം സ്ഥാനവും നേടി. ജൂനിയർ വിഭാഗത്തിൽ (വിഷയം: ഡിജിറ്റൽ യുഗത്തിലെ വിശ്വാസവും ധാർമികതയും.) രണ്ടാം സ്ഥാനം അലൻ വർഗീസും (പറോപ്പടി), മൂന്നാം സ്ഥാനം റാഫേല ക്രിസ്റ്റി ടോമും (പടത്തുകടവ്) കരസ്ഥമാക്കി.

സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിൽ സ്വാഗതം ആശംസിച്ചു. ബഥാനിയ റിന്യൂവൽ സെന്റർ ഡയറക്ടർ ഫാ. റോണി കാവിൽ, മോട്ടിവേഷണൽ സ്പീക്കർ എബ്രഹാം പി.ടി., ബാലുശ്ശേരി ജയറാണി പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ സി. സ്റ്റെല്ല മരിയ എസ്.എ.ബി.എസ് എന്നിവർ സംസാരിച്ചു. ഫൈനലിൽ എത്തിയ എല്ലാ മത്സരാർത്ഥികൾക്കും പ്രത്യേക ഉപഹാരങ്ങൾ നൽകി. ചടങ്ങിൽ ജോൺസൺ പി. എബ്രഹാം നന്ദി രേഖപ്പെടുത്തി.

### സ്റ്റാർട്ട് മേഖല കോർഡിനേറ്റർമാരുടെ സംഗമം

സ്റ്റാർട്ടിന്റെ മേഖല കോർഡിനേറ്റർമാരുടെ സംഗമം 21 ന് ശനിയാഴ്ച സ്റ്റാർട്ടിൽ നടന്നു. സ്റ്റാർട്ട് ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ താമരശേരി രൂപതയിലെ വിവിധ മേഖലകളിൽ നിന്നുള്ള കോർഡിനേറ്റർമായ മതാധ്യാപകരും ഹെഡ്മാസ്റ്റർമാരും പങ്കെടുത്തു.

### 2026-27 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ

### Residential Plus Two (Science & Commerce)

റസിഡൻഷ്യൽ പ്ലസ് ടു കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശപഠനം,

ജോലി തുടങ്ങിയ ആവശ്യങ്ങൾക്ക് സഹായിക്കുന്നതിനോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യൂണിവേഴ്സിറ്റികളിലേക്കും പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും (II Ts, IIMs, NITs)പ്രവേശനം നേടുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സിലബസിൽ സ്റ്റാർട്ടിൽ താമസിച്ചു പ്ലസ് ടു പഠിക്കാം.

*സയൻസ്, കൊമേഴ്സ് സ്ട്രീമുകളിൽ 30 സീറ്റുകൾ മാത്രം*

സയൻസ്: ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ബയോളജി/ കംപ്യൂട്ടർ സയൻസ് കൊമേഴ്സ്: അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ/മാത്തമാറ്റിക്സ്

## പ്ലസ് ടു കഴിഞ്ഞവർക്കുള്ള ഏകവത്സര കോഴ്സ് (PFT)

സ്വഭാവവൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഏകവത്സര കോഴ്സായ Professional Foundation Training(PFT) യുടെ ഇരുപത്തൊന്നാമത്തെ ബാച്ചിലേ ക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്രസർവകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അഡ്മിഷൻ നേടി ഓരോ വിദ്യാർഥിയിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിന് അനുയോജ്യമായി മാത്രം ഉപരിപഠനത്തി നുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കാനും Professional Foundation Training കുട്ടികളെ സഹായിക്കുന്നു. വിശദാംശങ്ങൾ അടങ്ങിയ ബ്രോഷർ ഡൗൺലോഡ് ചെയ്യാൻ www.startindia.org വെബ്സൈറ്റ് സന്ദർശിക്കുക.

## AI & Python കോഴ്സ്

ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ച് സമഗ്രമായ അറിവുനേടുന്ന തിനും പ്രത്യേകിച്ച് Machine learning, Data Science എന്നിവയിൽ Python ഉപയോഗിച്ച് പ്രോഗ്രാമിങ് ചെയ്യുന്നതിനുമുള്ള പരിശീലനം. ഓരോ മാസവും ആദ്യ ശനിയാഴ്ച പുതിയ അഡ്മിഷനുകൾ

സ്വീകരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് https://www.startindia.org/online

**Wing for Multiple Intelligence Aptitude Test**

സ്റ്റാർട്ടിന്റെ പുതിയ സംരംഭമായ ആറ് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ കുട്ടികൾക്കായി Aptitude Tests ആവശ്യാനു സരണം നടത്തിക്കൊടുക്കുന്നു. കോഴ്സുകളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി സ്റ്റാർട്ട് ഓഫീസുമായി ബന്ധപ്പെടുക.

www.startindia.org Contact: 0495-2357843, 9037107843, 9744458111 startcalicut22@gmail.com.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്



# കരിസ്മാറ്റിക് മൂവ്മെന്റ്

### റൂഹ 2K26 101 ദിന ദിവ്യകാരുണ്യ ആരാധന

2026 ലെ പന്തക്കുസ്തയ്ക്ക് ഒരുക്കമായി താമരശ്ശേരി അഡൊറേഷൻ കോൺവെന്റ് ചാപ്പലിൽ വെച്ച് രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ കോഴിക്കോട് സോണിലെ കരിസ്മാറ്റിക് ഓഫ് കമ്മ്യൂണിയൻ 101 ദിന ദിവ്യകാരുണ്യാരാധന നടത്തുകയാണ്. 2026 ഫെബ്രുവരി 11 ന് സോണൽ ആനിമേറ്റർ ഫാ. ഡൊമിനിക് കുഴിവേലിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെ ഈ 101 ദിന

ദിവ്യകാരുണ്യാരാധനയ്ക്ക് തുടക്കം കുറിച്ചു. ഓരോ ദിവസവും ഏതെങ്കിലും ഒരു മിനിസ്ട്രി/സബ് സോൺ ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്നു.

## 2026 മാർച്ച് മാസത്തിൽ ആരാധനയ്ക്ക് നേതൃത്വം നൽകുന്നവർ

1/3, ഞായർ : yu4c ; 2/3 തിങ്കൾ : പാരിഷ് മിനിസ്ട്രി ; 3/3 ചൊവ്വ : പെരിന്തൽമണ്ണ / കരുവാരക്കുണ്ട് ; 4/3, ബുധൻ : തുവാനിസ ; 5/3, വ്യാഴം : കപ്പിൾസ് മിനിസ്ട്രി ; 6/3, വെള്ളി : സിറ്റി സബ്സോൺ ; 7/3, ശനി : കോടഞ്ചേരി ; 8/3, ഞായർ : മലപ്പുറം ; 9/3, തിങ്കൾ : തിരുവാമ്പാടി ; 10/3, ചൊവ്വ : തോട്ടുമുക്കം ; 11/3, ബുധൻ : മരുതോങ്കര / വിലങ്ങാട് ; 12/3, വ്യാഴം : കൂരാച്ചുണ്ട് ; 13/3, വെള്ളി : താമരശ്ശേരി ; 14/3, ശനി : ക്രിസ്റ്റീൻ ; 15/3, ഞായർ : yu4c ; 16/3, തിങ്കൾ : കെരിഗ്മ മിനിസ്ട്രി ; 17/3, ചൊവ്വ : പാരീഷ് മിനിസ്ട്രി ;18/3, ബുധൻ : സിറ്റി ; 19/3, വ്യാഴം ; കോടഞ്ചേരി ; 20 / 3, വെള്ളി : തിരുവമ്പാടി ; 2 1/3, ശനി : മധ്യസ്ഥ പ്രാർഥന മിനിസ്ട്രി, താമരശ്ശേരി ; 22/3, ഞായർ : മലപ്പുറം ; 23/3, തിങ്കൾ : തോട്ടുമുക്കം ; 24/3, ചൊവ്വ : മരുതോങ്കര , വിലങ്ങാട് ; 25/3, ബുധൻ : കൂരാച്ചുണ്ട് ; 26/3, വ്യാഴം : കപ്പിൾസ് മിനിസ്ട്രി ; 27/3, വെള്ളി : തുവാനിസ മിനിസ്ട്രി ; 28/3, ശനി : പെരിന്തൽമണ്ണ ; 29/3, ഞായർ : yu4c ; 30/3, തിങ്കൾ : കരുവാരക്കുണ്ട്; 31/3, ചൊവ്വ : കെരിഗ്മ മിനിസ്ട്രി.

## വചന സന്ദേശയാത്ര

സുവർണ്ണ ജൂബിലിയുടെ ഭാഗമായി നെയ്യാറ്റിൻകര മുതൽ കാസർഗോഡ് വരെ നടത്തുന്ന വചന സന്ദേശയാത്രയ്ക്ക് കോഴിക്കോട് സോണിൽ സ്വീകരണം നൽകി. ഫെബ്രുവരി 20 ന് രാവിലെ പാലക്കാട് സോണിലെ മണ്ണാർക്കാട് ഹോളി സ്പിരിറ്റ് ഫെറോന ദൈവാലയത്തിൽ 5 മണിക്കുള്ള വി. കുർബാനക്ക് ശേഷം കെസിഎസ്സി കോർഡിനേറ്റർ ഫാ. ജോൺസൺ തുണ്ടിയിലച്ചനും പാലക്കാട് സോണൽ ആനിമേറ്റർ ഡൊമിനിക്ക് അച്ചനും ചേർന്ന് കോഴിക്കോട് സോൺ കോഡിനേറ്റർ ഷാജു ജോസഫ് കാഞ്ഞിരത്തിങ്കൽ, സോൺ സർവീസ് ടീം അംഗം ബേബി പഴംപ്ലാക്കൽ കോഴിക്കോട് മുൻ സോണൽ കോഡിനേറ്റർ സാജൻ

അറക്കപ്പറമ്പിൽ പെരിന്തൽമണ്ണ സബ്സോൺ കോഡിനേറ്റർ ആന്റണി തെക്കെക്കുറ്റ് എന്നിവർക്ക് വചനം കൈമാറി.

വാഹനാകമ്പടിയോടെ കോഴിക്കോട് സോണിലേക്ക് പ്രവേശിച്ച വചനസന്ദേശ യാത്രക്ക് രാവിലെ 7.15 ന് കരുവാരകുണ്ട്, മലപ്പുറം, പെരിന്തൽമണ്ണ സബ്സോണുകൾ ഒരുമിച്ച് ചേർന്ന്, പെരിന്തൽമണ്ണ അൽഫോൻസ ദൈവാലയത്തിൽ സബ് സോൺ ആനിമേറ്റർ ഫാ. ആന്റണി കാരികുന്നേൽ, KCSC കോഡിനേറ്റർ ജോൺസൺ തുണ്ടിയിലച്ചന്റെ പക്കൽ നിന്ന് വചനം ഏറ്റുവാങ്ങി. തുടർന്ന് വചന പ്രതിഷ്ഠക്ക് ശേഷം സ്വാഗതവും ആമുഖസന്ദേശവും ആന്റണിയച്ചൻ നടത്തി. ജോൺസനച്ചൻ ആരാധന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വചനവന്ദനം, കാഴ്ച സമർപ്പണം, പ്രാർഥന നിയോഗങ്ങളുടെ സമർപ്പണം എന്നിവ നടന്നു. സബ് സോൺ കോഡിനേറ്റർ ആന്റണി തെക്കെകുറ്റ് നന്ദി പറഞ്ഞു.

11 മണിക്ക് തിരുവമ്പാടി, തോട്ടുമുക്കം സബ് സോണുകളുടെ ആഭിമുഖ്യത്തിൽ മുക്കം സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ വചന സന്ദേശ യാത്രയ്ക്ക് സ്വീകരണം നൽകി. മുക്കം വികാരി ഫാ.ജോൺ ഒറവുങ്കര ആമുഖ സന്ദേശം നൽകി. ഫാ. ജോൺസൺ വചനപ്രഘോഷണത്തിന് നേതൃത്വം നൽകി. സണ്ണി കോക്കാപ്പിള്ളിൽ, ഷാജു കാഞ്ഞിരത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

ഉച്ചയ്ക്ക് ഒരു മണിക്ക് സിറ്റി സബ്സോണിന്റെ നേതൃത്വത്തിൽ വെള്ളിമാടുകുന്ന് ഹോളി റെഡീമർ ദൈവാലയത്തിൽ വചന സന്ദേശയാത്രയ്ക്ക് സ്വീകരണം നൽകി. ആനിമേറ്റർ ഫാ. ബിനോയ് ചുനയംമാക്കൽ ഫാ. ജോൺസനച്ചനിൽ നിന്നും വചനം ഏറ്റുവാങ്ങി. ഹോളി റെഡീമർ ചർച്ച് വികാരി ഫാ. ബിനു, ഫാ. അലോഷ്യസ് കുളങ്ങര എന്നിവർ വചന സന്ദേശം നൽകി. ബേബി പഴംപ്ലാക്കൽ, പി.സി. സേവ്യർ, സി.സി. മത്തായി എന്നിവർ നേതൃത്വം നൽകി.

കൂരാച്ചുണ്ട് സബ്സോണിൽ വചന സന്ദേശയാത്രയ്ക്ക് സ്വീകരണം നൽകിയത് കാറ്റുള്ളമല സെന്റ് മേരീസ് ഇടവകയിലാണ്. ഇടവക വികാരി ഫാ. ജോസഫ് പെണ്ണാപറമ്പിൽ ജോൺസൺ അച്ചനിൽ നിന്നും വചനം ഏറ്റുവാങ്ങുകയും ആമുഖ സന്ദേശം നൽകുകയും

ചെയ്തു. സബ് സോൺ കോഡിനേറ്റർ ജോയി പാറക്കൽ, KCSC അംഗം ഡോ. ഫ്രാൻസീസ് ആറാടൻ എന്നിവർ പ്രസംഗിച്ചു.

വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് വചന സന്ദേശ യാത്രക്ക് കട്ടിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ ഊഷ്മളമായ സ്വീകരണം നല്കി. നേതൃത്വം കൊടുത്തത് കട്ടിപ്പാറ ഇടവക വികാരി ഫാ. മിൽട്ടൻ മുളങ്ങാശ്ശേരി, സബ് സോൺ കോഡിനേറ്റർ ജോർജ് പള്ളിയോടി, സെക്രട്ടറി ജെയിംസ് വായ്പുകാട്ടിൽ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. ബഹു. വികാരി അച്ചൻ എല്ലാവരെയു സ്വാഗതം ചെയ്തു. വചനസന്ദേശവും ദിവ്യ കാരുണ്യാരാധനയും ജോൺസണച്ചന്റെ നേതൃത്വത്തിൽ നടത്തി. ജാഗരണപ്രാർഥന 21-ാം തീയതി ശനിയാഴ്ച വെളുപ്പിന് 4.30 ന് ഫാ. ഡൊമിനിക് കുഴിവേലിൽ അർപ്പിച്ച ദിവ്യബലിയോടുകൂടി സമാപിച്ചു. തുടർന്ന് മാനന്തവാടി സോണിലെ സ്വീകരണ സ്ഥലമായ കല്പറ്റവരെ സോണൽ ടീം വചനസന്ദേശ യാത്രയെ അനുഗമിച്ചു. സോണൽ കോഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കൽ, പെരിന്തൽമണ്ണ സബ് സോൺ കോഡിനേറ്റർ ആന്റണി തെക്കേക്കുറ്റ്, ജോസ് വടക്കേൽ, സാജൻ ആന്റണി, ബാബു മാളിയേക്കൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ബഥാനിയ ധ്യാനകേന്ദ്രം

**'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2,24)**

ബഥാനിയ ഒരുക്കിയ ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകളിലേക്ക് അനേകം ആളുകൾ കടന്നുവരുകയും അനുഗ്രഹീതരായിത്തീരുകയും ചെയ്തു. ബഥാനിയ ക്രമീകരിച്ച ധ്യാനങ്ങളും ഏകദിന ശുശ്രൂഷകളും ആയിരങ്ങളെ ആത്മീയ ഉണർവിലേക്ക് നയിച്ചു.

## ധ്യാനങ്ങൾ

ഫെബ്രുവരി മാസത്തിൽ 50 നോമ്പിന് മുന്നോടിയായി ബഥാനിയ ഒരുക്കിയ ധ്യാനം ഫെബ്രുവരി 13 മുതൽ 16 വരെ ദിവസങ്ങളിൽ ധ്യാനം നടത്തപ്പെട്ടു. അനേകം ആളുകൾ ധ്യാനത്തിൽ പങ്കെടുക്കുകയും ആത്മീയ ഉണർവോടെ മടങ്ങുകയും ചെയ്തു. മാർച്ച് മാസത്തിൽ രണ്ട് ജീവിത നവീകരണ ധ്യാനങ്ങൾ ഉണ്ടായിരിക്കും. മാർച്ച് 13 മുതൽ 16 വരെയും 29 മുതൽ ഏപ്രിൽ 1 വരെയും തീയതികളിലാണ് ധ്യാനങ്ങൾ നടത്തപ്പെടുന്നത്.

## ബഥാനിയശുശ്രൂഷക സംഗമം

ഫെബ്രുവരി മാസത്തിൽ ബഥാനിയായിലെ എല്ലാ ശുശ്രൂഷകരെയും ഒരുമിച്ച് ചേർത്ത് ശുശ്രൂഷകസംഗമം സംഘടിപ്പിച്ചു. നോമ്പിനോട് അനുബന്ധിച്ചാണ് സംഗമം നടത്തിയത്. എല്ലാ ശുശ്രൂഷകരും സംഗമത്തിൽ പങ്കുചേർന്നു.

## യുവജനസംഗമം

ഫെബ്രുവരി 21, 22 തീയതികളിലായി താമരശ്ശേരി രൂപതയിലെ കെസിവൈഎം-എസ് എം വൈ എം സംഘടനയുടെ രൂപതാ

എക്സിക്യൂട്ടീവ് അംഗങ്ങളുടെ സംഗമവും കർമ്മപദ്ധതി പ്രകാശനവും ബഥാനിയായിൽ നടത്തപ്പെട്ടു. യുവജനങ്ങൾക്കായി പ്രത്യേക പ്രാർഥനാ ശുശ്രൂഷയും വിശുദ്ധ കുർബാനയും കുമ്പസാരവും ക്രമീകരിച്ചിരുന്നു. രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ നേതൃത്വം നൽകി.

### ഏകദിന കൺവെൻഷൻ

ഫെബ്രുവരി മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. ധാരാളം ആളുകൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയായിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. വചനപ്രഘോഷണവും സൗഖ്യാരാധനയും വിടുതൽ ശുശ്രൂഷയും വി. കുർബാനയും കൃപാ പൂരിതമായിരുന്നു.

### ആദ്യ വെള്ളിയാഴ്ച കൺവെൻഷൻ

ഫെബ്രുവരി മാസം ആറാം തീയതി, ആദ്യ വെള്ളിയാഴ്ച, ആവേ മരിയ ഹാളിൽ നടന്ന ഏകദിന കൺവെൻഷനിൽ ആയിരങ്ങളാണ് പങ്കെടുത്തത്. രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചന സന്ദേശം, സ്പിരിച്വൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

### കുരിശിന്റെ വഴി

വലിയ നോമ്പിനോട് അനുബന്ധിച്ച് മൂന്ന് വിശുദ്ധ കുർബാനകളോടും ചേർന്ന് വിശുദ്ധ കുരിശിന്റെ വഴി നടത്തപ്പെട്ടു. രാവിലത്തെ വിശുദ്ധ കുർബാനയ്ക്കു ശേഷവും ഉച്ചയ്ക്കും വൈകുന്നേരവും ഉള്ള വിശുദ്ധ കുർബാനകൾക്ക് മുൻപ് ആണ് കുരിശിന്റെ വഴി നടത്തിയത്. രാവിലെയും വൈകുന്നേരവും ബഥാനിയായിലെ കുരിശിന്റെ വഴി ഗാർഡനിൽ ആണ് കുരിശിന്റെ വഴി നടത്തിയത്. അനേകം ആളുകൾ ഇതിൽ പങ്കെടുത്തു.

### വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും രാത്രി 7 മണിക്കും വിശുദ്ധ കുർബാന ഉണ്ടായിരുന്നു. വിശുദ്ധ കുമ്പസാരത്തിനുള്ള അവസരവും എല്ലാ ദിവസവും ക്രമീകരിച്ചിരുന്നു. ആയിരക്കണക്കിന് ആളുകളാണ് നോമ്പിന്റെ ദിവസങ്ങളിൽ ബഥാനിയായിൽ കുമ്പസാരിക്കാനായി കടന്നുവന്നത്. 50 നോമ്പിന്റെ ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും മൂന്നു വിശുദ്ധ കുർബാനകൾ ഉണ്ടായിരിക്കുന്നതാണ്.

### സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

### മാർച്ച് മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 02 തിങ്കൾ | – | രൂപത മാതൃവേദി ജനറൽ ബോഡി മീറ്റിംഗ് |
| 06 ആദ്യവെള്ളി | – | ഏകദിന കൺവെൻഷൻ |
| 07 ശനി | – | താമരശ്ശേരി രൂപത കോർപ്പറേറ്റ് അധ്യാപക സംഗമം. |
| 09–12 | – | ഇടവക ധ്യാനം, കുന്ദമംഗലം |
| 13 വെള്ളി | – | ഏകദിന കൺവെൻഷൻ, ജീവിതവിശുദ്ധീകരണ ധ്യാനം (13–16) |
| 18–21 | | ഇടവക ധ്യാനം, പൂവാറൻതോട് |
| 20 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 23–26 | | ഇടവകധ്യാനം – കുറ്റിമൂല, മാനന്തവാടി |
| 27 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 29 ഞായർ | – | ജീവിതവിശുദ്ധീകരണം ധ്യാനം 29– ഏപ്രിൽ 1) |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

## സ്വയം സഹായ സംഘങ്ങളുടെ ഭാരവാഹികൾക്ക് നേതൃത്വ പരിശീലനം

സ്വയം സഹായസംഘങ്ങളുടെ നേതൃപാടവവും സാമ്പത്തിക സാമൂഹിക ശേഷിയും ശക്തിപ്പെടുത്തുന്നതിനായി താമരശ്ശേരി രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റ് (സിഒഡി), നബാർഡിന്റെ സഹായത്തോടെ ഏകദിന നേതൃത്വപരിശീലന പരിപാടി സംഘടിപ്പിച്ചു.

താമരശ്ശേരി അൽഫോൻസ ഹാളിൽ നടന്ന പരിപാടി നബാർഡ് കോഴിക്കോട് ജില്ല ഡെവലപ്മെന്റ് മാനേജർ രാകേഷ് വി ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ അധ്യക്ഷത വഹിച്ചു. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ. സി, പ്രൊജക്റ്റ് ഓഫീസർ സിദ്ധാർഥ് എസ്. നാഥ്, അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ ക്രിസ്റ്റീന റോസ് ജോർജ് എന്നിവർ സംസാരിച്ചു. അയോണ ജെമിൻ, മാത്യു ഇമ്മാനുവൽ മേൽവെട്ടം, സന്ദീപ് കളപ്പുരക്കൽ എന്നിവർ വിവിധ സെക്ഷനുകൾ നയിച്ചു.

## വിലങ്ങാട് പ്രീ-ഡിസാസ്റ്റർ റിസ്ക് അസസ്മെന്റ്

കാരിത്താസ് ഇന്ത്യയുടെ പിന്തുണയോടെ നടപ്പിലാക്കുന്ന 'സേഫ് വിത്തിൻ; റീകണക്ട് വയനാട് ആൻഡ് വിലങ്ങാട്' പദ്ധതിയുടെ ഭാഗമായി വിലങ്ങാട് പ്രദേശത്തെ അപകടസാധ്യതകൾ വിലയിരുത്തുന്നതിനായി പ്രീ-ഡിസാസ്റ്റർ റിസ്ക് അസസ്മെന്റും (PDRA) റിസോഴ്സ് മാപ്പിംഗും (Resource Mapping) വിജയകരമായി പൂർത്തിയാക്കി.

ഈ പഠനത്തിലൂടെ വിലങ്ങാട് മേഖലയിലെ ജനസമൂഹം നേരിടുന്ന

വിവിധ തരത്തിലുള്ള അപകടസാധ്യതകളും (Hazards), അവ അവരെ എപ്രകാരം ബാധിക്കുമെന്ന ദുർബലതകളും (Vulnerabilities) വിശദമായി വിശകലനം ചെയ്തു. കൂടാതെ, ഒരു ദുരന്തമുണ്ടായാൽ അതിനെ നേരിടാൻ പ്രദേശത്തുള്ള നിലവിലെ സൗകര്യങ്ങളും ജനങ്ങളുടെ കഴിവും (Capacity) ഈ പ്രക്രിയയിലൂടെ കണ്ടെത്തുകയുണ്ടായി.

ദുരന്ത സാധ്യതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് അവ ലഘൂകരിക്കാനും, അടിയന്തര സാഹചര്യങ്ങളിൽ ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാനും ഈ റിസോഴ്സ് മാപ്പിംഗ് കമ്മ്യൂണിറ്റിയെ സഹായിക്കും. വരും ദിവസങ്ങളിൽ ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ സുരക്ഷിതമായ ജനജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്.

**ജനപ്രതിനിധികൾക്ക് ആദരവ്:** പുതുതായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് രാജ് (PRI) അംഗങ്ങളെ ആദരിക്കുന്നതിനായി അനുമോദന ചടങ്ങ് സംഘടിപ്പിച്ചു. പൂഴിത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോളി ആയിത്തമറ്റത്തിലിനെ ചടങ്ങിൽ പ്രത്യേകമായി ആദരിച്ചു. സ്വയം സഹായ സംഘം (SHG) അംഗമെന്ന നിലയിൽ നിന്നും ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട അവർ, കമ്മ്യൂണിറ്റിക്കായി നൽകിയ മികച്ച സംഭാവനകളെ മുൻനിർത്തിയാണ് ആദരിച്ചത്. ചടങ്ങിൽ സി ഒ ഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര മുഖ്യാതിഥിയായി.

**കാൻസർ ബോധവൽക്കരണ ദിനം ആചരിച്ചു**

പുതുപ്പാടി GVS ൽ കാൻസർ ബോധവൽക്കരണ ദിനം ആചരിച്ചു. GVS അംഗങ്ങൾക്കായി സംഘടിപ്പിച്ച പരിപാടിയിൽ അർബുദത്തെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ചു. പരിപാടിയിൽ സോഷ്യൽ വർക്ക് ഇന്റേൺസ് പങ്കെടുക്കുകയും, അർബുദത്തിന്റെ ലക്ഷണങ്ങൾ, പ്രതിരോധ മാർഗ്ഗങ്ങൾ, നേരത്തെയുള്ള രോഗനിർണ്ണയത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് വിശദമായ ക്ലാസ് എടുക്കുകയും ചെയ്തു. പരിപാടിക്ക് പുതുപ്പാടി ഏരിയ കോർഡിനേറ്റർ ഡെയ്സി ജോയ് നേതൃത്വം നൽകി.

## ജെ.എൽ.ജി ലോൺ റിന്യൂവൽ ക്യാമ്പ് സംഘടിപ്പിച്ചു

പുല്ലൂരാംപാറ, കോടഞ്ചേരി എന്നിവിടങ്ങളിലായി രണ്ട് ജെ.എൽ.ജി (JLG - Joint Liability Group) വായ്പ പുതുക്കൽ ക്യാമ്പുകൾ വിജയകരമായി നടത്തി. തിരുവമ്പാടി കാനറാ ബാങ്ക് ശാഖയുടെ സഹകരണത്തോടെയാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്.

ക്യാമ്പുകളിലൂടെ ഗ്രൂപ്പ് അംഗങ്ങൾക്ക് തങ്ങളുടെ വായ്പകൾ കൃത്യസമയത്ത് പുതുക്കാനും, ഭാവി പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം ഉറപ്പാക്കാനും സാധിച്ചു.

## കാൻസർ ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം

കാൻസർ രോഗികൾക്ക് ആവശ്യമായ ചികിത്സാ സഹായം ഉറപ്പാക്കുന്നതിനായി, അവരെ പിന്തുണയ്ക്കുന്ന സാമൂഹ്യ സുരക്ഷാ ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് ഏരിയ കോർഡിനേറ്റർമാർക്ക് പ്രത്യേക സെഷൻ സംഘടിപ്പിച്ചു. എം.വി.ആർ കാൻസർ സെന്ററിന്റെ (MVR Cancer Centre) നേതൃത്വത്തിലാണ് പരിപാടി നടത്തിയത്.

ഈ സെഷനിലൂടെ, ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ, ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, അപേക്ഷ സമർപ്പിക്കേണ്ട രീതികൾ എന്നിവ കോർഡിനേറ്റർമാർക്ക് മനസ്സിലാക്കി നൽകി. ഇത് രോഗികൾക്ക് കൃത്യസമയത്ത് ചികിത്സ ഉറപ്പാക്കാൻ സഹായിക്കും.

## കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതി

പ്രകൃതിദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്കായി കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ ഭാഗമായി ആറു വീടുകൾ കൂടി ഗുണഭോക്താക്കൾക്ക് കൈമാറി. ഇതിൽ നാലു വീടുകളുടെ വെഞ്ചിരിപ്പ് കർമം തലശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനിയും, രണ്ടു വീടുകളുടേത് താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. ജോയ്സ് വയലിലും നിർവഹിച്ചു.

പദ്ധതിയുടെ ഭാഗമായി ആകെ 70 വീടുകളാണ് നിർമിക്കാൻ ലക്ഷ്യമിടുന്നത്. ഇതിനോടകം 60 വീടുകൾ പൂർത്തിയാക്കി

കൈമാറിക്കഴിഞ്ഞു. താമരശ്ശേരി രൂപത സോഷ്യൽ സർവീസ് സൊസൈറ്റി (COD) ആണ് നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ബാക്കിയുള്ള 10 വീടുകളുടെ നിർമാണം മാർച്ച് മാസത്തോടെ പൂർത്തി യാക്കും. പദ്ധതിയുടെ ഔദ്യോഗിക സമാപന സമ്മേളനം ഏപ്രിൽ ഏഴിന് വൈകുന്നേരം നാല് മണിക്ക് മഞ്ഞക്കുന്ന് നടക്കും. ചടങ്ങിൽ ഫൊറോന വികാരി, സോഷ്യൽ സർവീസ് ഡയറക്ടർമാർ, പ്രോജക്ട് കോ-ഓർഡിനേറ്റർ മാർ തുടങ്ങിയവർ പങ്കെടുത്തു.

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### ക്ലാസുകൾ

ജർമനിയിൽ പോകുവാൻ രജിസ്റ്റർ ചെയ്തവർക്കായി ഗൂഗിൾ മീറ്റിംഗ്, ഡോക്യുമെന്റ് വെരിഫിക്കേഷൻ എന്നിവ നടത്തി. ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, മാനേജർ ഷിനോജ് പി.സി. എന്നിവർ നേതൃത്വം നൽകി.

### അഡ്മിഷൻ

2026-27 അധ്യയന വർഷത്തേക്കുള്ള നഴ്സിംഗ് (BSc, General, Post BSc), പാരാമെഡിക്കൽ, ഡിഗ്രി കോഴ്സുകൾ എന്നിവയിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. സീറ്റുകൾ ബുക്ക് ചെയ്യാൻ 9447929223 നമ്പറിൽ വിളിക്കുക.

### കരിയർ

ജർമനിയിൽ ജോലി ചെയ്യാൻ സുവർണാവസരം ഒരുക്കിക്കൊണ്ട് എൽഡിഎസ്. ലോകത്തിലെ പ്രമുഖ കൊറിയർ, ഡെലിവറി സർവീസ് കമ്പനികളിൽ സ്റ്റാഫ് അംഗമായി ചേരുവാനാണ് അവസരം.

ഏതെങ്കിലും ഇന്ത്യൻ ബിരുദവും സാധുവായ 4 വീലർ ഡ്രൈവിംഗ് ലൈസൻസും നിർബന്ധം. താല്പര്യമുള്ളവർ 9447929223 നമ്പറിൽ വിളിക്കുക.

### ഡി.സി.എൽ. സംസ്ഥാന കലോത്സവം

ഡി.സി.എൽ. സംസ്ഥാന കലോത്സവം മൂവാറ്റുപുഴയിൽ വച്ച് നടത്തപ്പെട്ടു. ശ്രീ. സന്ദീപ് കളപ്പുരക്കൽ കോഴിക്കോട് പ്രവിശ്യയുടെ നേതൃത്വം നൽകി.

### ഡി.സി.എൽ. വാർഷിക റിപ്പോർട്ട് ശേഖരണം

സ്കൂളുകളിലെ ഈ വർഷത്തെ ഡി.സി.എൽ. ന്റെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി വാർഷിക റിപ്പോർട്ട് ശേഖരിച്ചു.

## Institute of Food and Agricultural Ethics (IFAE)

ധാർമിക മൂല്യങ്ങളെ ആസ്പദമാക്കി പഠനവും ഗവേഷണവും നടത്തുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനം ആണ് IFAE. താമരശ്ശേരി രൂപതയുടെ സംരംഭമാണിത: 9946646205.

### ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഉയർന്ന ഗുണനിലവാരമുള്ളതും വിശ്വാസ്യതയുള്ളതുമായ ഫലവൃക്ഷ തൈകൾ, നാണ്യവിളകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളങ്ങൾ, ജൈവ കീടനിയന്ത്രണ ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ബിഷപ്പ് ഹൗസിന് സമീപം പ്രവർത്തിക്കുന്ന നഴ്സറിയിൽ ലഭ്യമാണ്.

### കിസാൻ ഭാരത് ഡിജിറ്റൽ കാർഷിക മാർക്കറ്റ്

കർഷകനും ഉപഭോക്താവും നേരിട്ട് ബന്ധപ്പെടുന്ന ഇടനില

ക്കാരില്ലാത്ത സൗജന്യ ഓൺലൈൻ കാർഷിക പ്ലാറ്റ്ഫോം. www.kisanbharath.com

**കിസാൻ ലൈൻ  കർഷകർക്കായി സൗജന്യ സഹായ സേവനം**

കാർഷിക സംശയങ്ങൾക്കും മാർഗനിർദേശങ്ങൾക്കും 24x7 സൗജന്യ ഹെൽപ്പ്ലൈൻ. ടോൾഫ്രീ: 1800 4253777. www.kisanline.com

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

താമരശ്ശേരി രൂപതയുടെ അഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ സഹകരണ മേഖലയിലെ മുൻനിര സ്ഥാപനമായി പ്രവർത്തിച്ചു വരുന്ന TAFCOS സഹകരണ സംഘം 2026 ഫെബ്രുവരി മാസത്തിൽ പൊതുജനങ്ങൾക്കും അംഗങ്ങൾക്കും മികച്ചതും വിശ്വസനീയവുമായ ബാങ്കിംഗ് സേവനങ്ങൾ കാര്യക്ഷമമായി നൽകി വരികയുണ്ടായി.

ഫെബ്രുവരി മാസത്തിൽ സൊസൈറ്റി മുഖേന വിവിധ തരത്തിലുള്ള വായ്പകൾ വിതരണം ചെയ്യുകയുണ്ടായി. പ്രധാനമായും സ്വർണ്ണ പണയ വായ്പകൾ, സ്വാശ്രയ ഗ്രൂപ്പുകൾ, അയൽകൂട്ടങ്ങൾ കൂടാതെ ചെറുകിട കച്ചവടക്കാർ എന്നിവർക്കുള്ള വായ്പകൾ വിജയകരമായി നടപ്പിലാക്കി. ഇതിലൂടെ അംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിക്കുവാൻ സാധിച്ചു.

നിക്ഷേപ മേഖലയിൽ, സ്ഥിര നിക്ഷേപങ്ങൾക്ക് 8.50% വരെ ആകർഷകമായ പലിശനിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുകയും, ഏജന്റുമാർ മുഖേന നിത്യനിധി നിക്ഷേപങ്ങൾ കൂടുതൽ വ്യാപിപ്പിക്കുകയും ചെയ്തു. സേവിംഗ്സ് നിക്ഷേപങ്ങൾക്ക് ദിവസം കണക്കാക്കി 4% പലിശ ലഭിക്കുന്ന സംവിധാനവും അംഗങ്ങൾ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തി.

സാങ്കേതിക പുരോഗതിയുടെ ഭാഗമായി, മൊബൈൽ ബാങ്കിംഗ്

ഇടപാടുകൾ വഴി പണം നിക്ഷേപിക്കാനും പിൻവലിക്കാനും കഴിയുന്ന നൂതന മൊബൈൽ അപ്ലിക്കേഷൻ സംവിധാനം ഫെബ്രുവരി മാസത്തിലും കാര്യക്ഷമമായി പ്രവർത്തിച്ചു. കൂടാതെ RTGS, NEFT, IMPS സേവനങ്ങൾ മുഖേന വേഗതയേറിയതും സുരക്ഷിതവുമായ പണമിടപാടുകൾ സാധ്യമാക്കി.

വിവിധ സലകളുടെ ചിട്ടി പദ്ധതികൾ (പ്രതിമാസ സമ്പാദ്യ പദ്ധതി) അംഗങ്ങൾക്കിടയിൽ മികച്ച സ്വീകരണം നേടി. COD യുമായി ചേർന്ന് നടപ്പിലാക്കുന്ന ഭാഗ്യവർഷ പദ്ധതികളും, വിവിധ ഇൻഷ്വറൻസ് പദ്ധതികളും, സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യവും ഫെബ്രുവരി മാസത്തിൽ സജീവമായി തുടർന്നു.

TAFCOS ബാങ്കിന്റെ പ്രചാരണത്തിന്റെ ഭാഗമായി ഫെബ്രുവരി മാസത്തിൽ ആശോകപുരം, കരുവാരകുണ്ട്, കൂരച്ചുണ്ട്, കോടഞ്ചേരി എന്നിവിടങ്ങളിലെ ദേവാലയങ്ങൾ സന്ദർശിക്കുകയും, ഏകദേശം 900 പുതിയ അംഗങ്ങൾ സൊസൈറ്റിയിൽ അംഗത്വം നേടുകയും ചെയ്തു. ഇത് സൊസൈറ്റിയുടെ വളർച്ചയ്ക്കും അംഗസംഖ്യയുടെ വർധനയ്ക്കും വലിയ സംഭാവനയായി.

ബാങ്കിംഗ് സേവനങ്ങൾ അംഗങ്ങൾക്ക് കൂടുതൽ സുഗമമായി ലഭ്യമാക്കുന്നതിനായി സൊസൈറ്റി തിങ്കൾ മുതൽ ശനിയാഴ്ച വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ പ്രവർത്തിച്ചു.

ഇതോടൊപ്പം സൊസൈറ്റിയിലെ സെക്രട്ടറി തസ്തികയിലേക്കുള്ള ഒഴിവ് സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും, യോഗ്യനും കാര്യക്ഷമനുമായ വ്യക്തിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

ഫെബ്രുവരി മാസത്തിലെ പ്രവർത്തനങ്ങൾ TAFCOS സഹകരണ സംഘത്തിന്റെ സ്ഥാപന വളർച്ചയ്ക്കും അംഗങ്ങളുടെ സാമ്പത്തിക സുരക്ഷയും ആത്മവിശ്വാസവും വർധിപ്പിക്കുന്നതിനും ഗണ്യമായ സംഭാവന നൽകി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2026 ജനുവരി മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Palloor | 8,000.00 |
| 2 | Panamplave | 15,000.00 |
| 3 | Paropady | 8,000.00 |
| 4 | Pushpagiri | 15,000.00 |
| 5 | Valook | 10,000.00 |

**Home**

| | | |
|---|---|---|
| 6 | Chundathumpoil | 10,000.00 |
| 7 | Kodanchery | 10,000.00 |
| 8 | Kundayithode | 15,000.00 |
| 9 | Maramchatty | 10,000.00 |

**Marriage**

| | | |
|---|---|---|
| 10 | Koorottupara | 20,000.00 |
| 11 | Maramchatty | 15,000.00 |
| 12 | Muthukad | 20,000.00 |
| 13 | Poothampara | 20,000.00 |
| 14 | Thiruvambady | 20,000.00 |

**Medical**

| | | |
|---|---|---|
| 15 | Kattipara | 15,000.00 |
| 16 | Koodaranji | 12,000.00 |
| 17 | Kulathuvayal | 12,000.00 |
| 18 | Manjuvayal | 5,000.00 |
| 19 | Muthappanpuzha | 12,000.00 |
| 20 | Muthukad | 12,000.00 |
| 21 | Nooramthode | 12,000.00 |
| 22 | Padathukadave | 15,000.00 |
| 23 | Paropady | 12,000.00 |
| 24 | Poilomchal | 15,000.00 |
| 25 | Venappara | 10,000.00 |

**Total** **3,28,000.00**

**ഫാ. ജോർജ് മുണ്ടനാട്ട്**
ഫിനാൻസ് ഓഫീസർ



# അജപാലനകുറിപ്പുകൾ

## ജനുവരി

26 രാവിലെ, പാറോപ്പടി ഇടവകയിലെ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

വൈകുന്നേരം, കണ്ണോത്ത് സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ അങ്കണത്തിൽ നടന്ന സ്കൂളിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

27 രാവിലെ, ചക്കിട്ടപാറ ഇടവകയിലും വിലങ്ങാട് ഇടവകയിലും കെ.സി.ബി.സി. വിലങ്ങാട് പുനരധിവാസത്തിന്റെ ഭാഗമായി പുതുതായി നിർമ്മിച്ച ഓരോ ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, കല്ലാനോട് ഫുട്ബോൾ സ്റ്റേഡിയത്തിൽ നടന്ന ഫാ. വട്ടുകുളം മെമ്മോറിയൽ ഫുട്ബോൾ ടൂർണ്ണമെന്റ് ക്വാർട്ടർ ഫൈനൽ മത്സരത്തിലെ കളിക്കാരെ പരിചയപ്പെടുകയും മത്സരം വീക്ഷിക്കുകയും ചെയ്തു.

28 രാവിലെ, ചക്കിട്ടപാറ ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

വൈകുന്നേരം, പൂവാറൻതോട് കല്ലംപുല്ലിൽ പരി. കന്യകാമാതാവിന്റെ നാമത്തിലുള്ള നവീകരിച്ച കപ്പേള വെഞ്ചരിച്ചു.

വിളക്കാംതോട് എം.എ.എം. യു.പി.സ്കൂൾ സ്കൂൾ അങ്കണത്തിൽ നടന്ന സ്കൂളിന്റെ സുവർണ്ണ ജൂബിലി സമാപന സമ്മേളനത്തിന് ആദ്ധ്യക്ഷം വഹിച്ചു.

റൂബി ജൂബിലി കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

29 രാവിലെ, കരികണ്ടൻപാറ ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

വൈകുന്നേരം, ഈരൂട് ഇടവകയിൽ പുതുതായി നിർമ്മിച്ച ഒരു ഭവനം വെഞ്ചിരിച്ചു.

കൂടരഞ്ഞി ഇടവക ദൈവാലയത്തിൽ ഒരു വിവാഹ മനസ്സമ്മതത്തിന് കാർമികത്വം വഹിച്ചു.

പുതുപ്പാടി ഇടവക ദൈവാലയത്തിൽ, സെന്റ് ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തിലെ ഏതാനും സന്യാസിനിമാരുടെ സന്യാസവ്രതസ്വീകരണത്തിന്റെ റൂബി ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

30 ഉച്ചകഴിഞ്ഞ്, മേരിക്കുന്ന് നിർമ്മല ആശുപത്രിയിൽ ബഹു. ഫ്രാൻസിസ് വെള്ളമാക്കലച്ചന്റെ മാതാവ് റോസയ്ക്ക് രോഗീലേപനം നൽകി.

വൈകുന്നേരം, പാറോപ്പടി എം.എസ്.എം.ഐ. പ്രവശ്യാഭവനത്തിൽ പരേതയായ സി. പൗളിൻ എം.എസ്.എം.ഐ.ക്ക് വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

31 കാഞ്ഞിരപ്പള്ളി പൊടിമറ്റം സെന്റ് മേരീസ് ദൈവാലയ പാരിഷ് ഹാളിൽ വെച്ച് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ച ഇൻഫാം രജത ജൂബിലി സമാപന സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

## ഫെബ്രുവരി

01 രാവിലെ, കൂവപ്പള്ളി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന കാഞ്ഞിരപ്പള്ളി രൂപത എ.കെ.സി.സി. കേന്ദ്ര കമ്മറ്റി അംഗങ്ങളുടെ യോഗത്തിന് ആദ്ധ്യക്ഷം വഹിച്ചു.

02 രാവിലെ, ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവക ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

03 രാവിലെ, വേനപ്പാറ യു.പി. സ്കൂളിൽ പുതുതായി നിർമ്മിച്ച പ്രവേശന കവാടം ഉദ്ഘാടനം ചെയ്ത് വെഞ്ചരിക്കുകയും തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

04 - 10 ബാംഗ്ലൂർ സെന്റ് ജോൺസ് അക്കാദമി ഓഫ് ഹെൽത്ത് ആന്റ് സയൻസിൽ വെച്ച് നടന്ന 37-ാമത് സി.ബി.സി.ഐ. ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

11 വൈകുന്നേരം, കട്ടിപ്പാറ നസ്രത്ത് യു.പി. സ്കൂൾ അങ്കണത്തിൽ നടന്ന സ്കൂളിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

12 രാവിലെ, രൂപതാഭവനിൽ ചേർന്ന രൂപത ഉപദേശക സമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ ചേർന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച താമരശ്ശേരി രൂപതാ അംഗങ്ങളുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം, പരിയാപുരം ഫാത്തിമ യു.പി. സ്കൂൾ മൈതാനത്ത് നടന്ന സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

13 രാവിലെ, കോഴിക്കോട് പി.എം.ഒ.സി.യിൽ നടന്ന പ്രീ-കാന കോഴ്സിൽ സംബന്ധിക്കുന്നവർക്കുവേണ്ടി ക്ലാസ്സ് എടുത്തു.

താമരശ്ശേരി രൂപതാഭവനിൽ നടന്ന റൂബി ജൂബിലി സെൻട്രൽ കമ്മറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, മേരിക്കുന്ന് ഉർസുലൈൻ സന്യാസിനി ഭവന കപ്പേളയിൽ, പരേതയായ സി. വലന്റീന യു.എം.ഐ. യുടെ മൃത സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി, വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, പുല്ലൂരാംപാറ ബഥാനിയ നവീകരണ കേന്ദ്ര കപ്പേളയിൽ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു.

14 രാവിലെ, തിരുവമ്പാടി ഇടവകയിലെ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

വെറ്റിലപ്പാറ ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

വെറ്റിലപ്പാറ സെന്റ് അഗസ്റ്റിൻ ദൈവാലയത്തിൽ പരേതയായ

മറിയാമ്മ വെട്ടത്തിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയ്ക്ക് കാർമികത്വം വഹിച്ചു.

വൈകുന്നേരം, പുല്ലുരാംപാറ ഇടവകയിലെ തോട്ടുമുഴിയിൽ നവീകരിച്ച കപ്പേള പുനർകൂദാശ ചെയ്തു.

15 രാവിലെ, മാനന്തവാടി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

വൈകുന്നേരം, പൊയിലോംചാൽ സെന്റ് ജൂഡ് ദൈവാലയ സ്ഥാപനത്തിന്റെ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വി. കുർബാന അർപ്പിക്കുകയും തുടർന്ന് ദൈവാലയങ്കണത്തിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

16 – 19 കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിലെ വൈദിക വിദ്യാർഥികൾക്ക് ക്ലാസ് എടുത്തു.

21 രാവിലെ, താമരശ്ശേരി രൂപതാഭവനിൽ ചേർന്ന വേനപ്പാറ സെന്റ് ജോസഫ്സ് ബാലഭവൻ ട്രസ്റ്റ് യോഗത്തിൽ സംബന്ധിച്ചു.

മേരിക്കുന്ന് പി.എം.ഒ.സി.യിൽ നടന്ന ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന മാനേജിംഗ് കമ്മിറ്റി മലബാർ റീജിയൻ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

വൈകുന്നേരം, മരുതോങ്കര സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നടന്ന പതിനെട്ടാമത് ഫൊറോന ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

22 വലിയകൊല്ലി സെന്റ് അൽഫോൻസ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

23 രാവിലെ, താമരശ്ശേരി ചുങ്കത്ത് പുതുതായി ആരംഭിച്ച എച്ച്.ഡി. എഫ്.സി. ബാങ്ക് കെട്ടിടം ഉദ്ഘാടനം ചെയ്തു വെഞ്ചരിച്ചു.

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജോൺ പോൾ II ഓഡിറ്റോറിയത്തിൽ ചേർന്ന വിവിധ ഇടവകകളിലെ പെയിൻ & പാലിയേറ്റീവ്, ജെറിയാട്രിക്

കെയർ അംഗങ്ങളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.


ഉച്ചകഴിഞ്ഞ്, പുല്ലൂരാംപാറ സെന്റ് ജോസഫ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ലഹരി വിരുദ്ധ സമിതിയുടെ വ്യക്തിത്വ വികസന ക്ലബ്ബ് നടത്തിയ സാഹിത്യോത്സവ മത്സര വിജയികളെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും സമ്മാനവിതരണം നടത്തുകയും ചെയ്തു.

24 രാവിലെ, വെറ്റിലപ്പാറ ദൈവാലയത്തിൽ, പരേതനായ സ്വപിതാവ് ശ്രീ. പോൾ ഇഞ്ചനാനിയുടെ 8-ാമത് ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

താമരശ്ശേരി രൂപതാ ഭവനിൽ ചേർന്ന പതിമൂന്നാം പ്രസ്ബിറ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്യുകയും മീറ്റിങ്ങിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു.

വൈകുന്നേരം, കൂരാച്ചുണ്ട് ഇടവകയിൽ പരേതനായ അഗസ്റ്റിൻ കാരക്കടയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

25 - 28 ബഹറിനിൽ നടന്ന എ.കെ.സി.സി. മിഡിൽ ഈസ്റ്റ് പ്രതിനിധികളുടെ സമ്മേളനത്തിൽ പങ്കെടുത്തു.



# POPE LEO XIV

***Dilexi Te*** *(n., 115-116)*

**04 October 2025**



I would like to close by saying something about almsgiving, which nowadays is not looked upon favorably even among believers. Not only is it rarely practiced, but it is even at times disparaged. Let me state once again that the most important way to help the disadvantaged is to assist them in finding a good job, so that they can lead a more dignified life by developing their abilities and contributing their fair share. In this sense, "lack of work means far more than simply not having a steady source of income. Work is also this, but it is much, much more. By working we become a fuller person, our humanity flourishes, young people become adults only by working. The Church's social doctrine has always seen human work as a participation in God's work of creation that continues every day, also thanks to the hands, mind and heart of the workers." On the other hand, where this is not possible, we cannot risk abandoning others to the fate of lacking the necessities for a dignified life. Consequently, almsgiving remains, for the time being, a necessary means of contact, encounter and empathy with those less fortunate.

Those inspired by true charity know full well that almsgiving does not absolve the competent authorities of their responsibilities, eliminate the duty of government institutions to care for the poor, or detract from rightful efforts to ensure justice. Almsgiving at least offers us a chance to halt before the poor, to look into their eyes, to touch them and to share something of ourselves with them. In any event, almsgiving, however modest, brings a touch of pietas into a society otherwise marked by the frenetic pursuit of personal gain. In the words of the Book of Proverbs: "Those who are generous are blessed, for they share their bread with the poor" (22:9).

THAMARAMOTTUKAL
Registered with Registar of Newspapers of India
RN No. 71212/99 - Date of Publication 28.02.2026




Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No1, Thamarassery P.O., Kozhikode - 673573. Printed at Alphonsa Offset Press, Near Cathedral Thamarassery, published at Thamarassery, Editor: Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 28, Issue 03, March 2026, Pages 80